## എസ്.എച്ച്.ജി.എച്ച്.എസ് ഭരണങ്ങാനം

# മാർഗ്ഗദീപം

**2020 ജനുവരി**

# ഉള്ളടക്കം


വിശുദ്ധ അൽഫോൻസാമ്മ ആര്യ രാമകൃഷ്ണൻ..........................6

ഭാരതറാണി റീസ് റോയി.................................7

സഹനത്തിന്റെ കെടാവിളക്ക് റെയ്ലി റോയി.................................12

സഹനത്തിന്റെ നെയ്ത്തിരി ക്രിസ്റ്റി ജോർജ്..............................18

കാലഘട്ടത്തിന്റെ വിശുദ്ധ എലിസബത്ത് വി റെജി.................22

സഹനതാരം-വി.അൽഫോൻസ ട്രീസാ മരിയ ജോബിൻ.................26

സഹനത്തിന്റെ വിശുദ്ധ ആർഷ പി റോയി.........................31

വിശുദ്ധ അൽഫോൻസാമ്മ സാഫല്യ ഷിബു............................36

## എഡിറ്റോറിയൽ

സഹനത്തിന്റെ പാതയിൽ നടന്ന് സഹനം സന്തോഷത്തോടെ സ്വീകരിച്ച് പുണ്യവതിയായിത്തീർന്ന വി.അൽഫോൻസാമ്മയുടെ പാദസ്പർശങ്ങളേറ്റ് പുണ്യനഗരമായിത്തീർന്ന ഭരണങ്ങാനത്തിന്റെ അഭിമാനമായ സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് രൂപീകരിച്ച മാഗസിനാണ് "മാർഗ്ഗദീപം”.

വി.അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിക്കുന്നതിനെ മുൻനിർത്തി വിവിധവിദ്യാലയങ്ങളിൽ നിന്ന് കുട്ടികളെ ക്ഷണിച്ച് വി.അൽഫോൻസാമ്മയുടെ സഹനങ്ങളെക്കുറിച്ച് ഒരു ഉപന്യാസമത്സരംനടത്തുകയുണ്ടായി.അതിന് ഒന്നാംസ്ഥാനം ലഭിച്ചതും മറ്റുസ്ഥാനങ്ങൾക്ക് അർഹമായ ഉപന്യാസങ്ങൾ കോർത്തിണക്കി രൂപീകരിച്ച മാഗസിനാണ് മാർഗ്ഗദീപം.വി.അൽഫോൻസാമ്മയുടെ ജീവിതത്തിൽ സഹനത്തിനുണ്ടായിരുന്ന പ്രാധാന്യം ഈ മാഗസിൻ രൂപീകരണത്തിലൂടെ ഞങ്ങൾക്ക് ലഭിച്ചു.അങ്ങനെ നമ്മുടെ ജീവിതത്തിൽ വി.അൽഫോൻസാമ്മ മാർഗ്ഗമായിതീരുവാൻവേണ്ടി "മാർഗ്ഗദീപം" എന്ന മാഗസിൻ നമ്മെ സഹായിക്കുന്നു.

ചീഫ് എഡിറ്റർ


പാർവതി അശോക്

## ആശംസ

സ്നേഹം നിറഞ്ഞ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളേ,

വി.അൽഫോൻസാമ്മയുടെ പാദസ്പർശമേറ്റ,വിശുദ്ധി നിറഞ്ഞ വിദ്യാക്ഷേത്രമായ എസ്.എച്ചിന്റെ നവതിയോടനുബന്ധിച്ച് സംഘടിപ്പിച്ച വിശുദ്ധ അൽഫോൻസാമ്മയെക്കുറിച്ചുള്ള ലേഖന മത്സരത്തിലെ ചില ലേഖനങ്ങളും വിശുദ്ധ അൽഫോൻസാമ്മയെക്കുറിച്ചുള്ള കുട്ടികളുടെ കവിതകളും സമാഹരിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ"മാർഗ്ഗദീപം" എന്ന മാഗസിൻ ഏറെ നന്നായിരിക്കും.ഈ ഉദ്യമത്തിലൂടെ വി.അൽഫോൻസാമ്മയെ കൂടുതൽ അറിയുവാൻ ശ്രമിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

സ്നേഹത്തോടെ



സിസ്റ്റർ ഷൈൻ റോസ്

ഹെഡ്മിസ്ട്രസ്


എസ്.എച്ച്.ജി.എച്ച്.എസ് ഭരണങ്ങാനം

## ആശംസ

വിവരസാങ്കേതിക വിദ്യയുടെ ഏറ്റവും പുതിയ മാനങ്ങൾ അനുദിന ജീവിതത്തിൽ നാം നിരന്തരം ആസ്വദിക്കുന്നുണ്ടല്ലോ.അവ വിജ്ഞാനത്തിനായി വിവേകപൂർവ്വം വിനിയോഗിക്കുന്നതിന് ഉദാഹരണമാണ് ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ മാർഗ്ഗദീപം എന്ന മാഗസിൻ.പുണ്യചരിതയായ വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതം അനാവരണം ചെയ്യുന്നതിലൂടെ ഒട്ടേറെ നല്ല സന്ദേശങ്ങൾ പകരാൻ ഈ മാഗസിന് സാധിക്കുന്നു.ശാസ്ത്രസാങ്കേതിക വിദ്യയും ആധുനികവിവരസാങ്കേതികവിദ്യയും ഫലപ്രദമായി വിനിയോഗിക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഈ മാഗസിനും എല്ലാവിധ ആശംസകളും.

സ്കൂൾ ലീഡർ

അമല മരിയ ബിനോയി



# വിശുദ്ധ അൽഫോൻസാമ്മ



ആര്യ രാമകൃഷ്ണൻ

അൽഫോൻസാമ്മ എന്ന ദിവ്യകുസുമത്തിൽ
ത്യാഗനിർഭരമാം ദിവ്യനാളുകൾ
നിലകൊള്ളുന്ന ആലയമാം
ഭരണങ്ങാനം എത്ര പുണ്യം!
ആ സ്നേഹനിർഭരമായ
ചിത്തവിശുദ്ധി അമ്മയ്ക്ക്
'വിശുദ്ധ'യെന്ന സ്ഥാനം
നൽകി ആരാധിച്ച നിത്യം.
ആ മഹാ ഹൃദയ വിശാലത
ഇന്നും എന്നും മാലോകർ വാഴ്ത്തുന്നു.
അമ്മതൻ ഹൃദയത്തിലെ ദിവ്യമാം
സ്നേഹാഗ്നിജ്വാല ലോകത്തിനായ് നൽകിയതായി....
ആ എരിഞ്ഞുതീർന്ന
ത്യാഗത്തിൻ മെഴുകുതിരി
ഒരു സത്യമായി ഇന്നും ഈ മാലിൽ
ഒരു പുണ്യമായി വാഴുന്നു.
ഒരു ശാന്തയായ് ജീവിച്ച പുണ്യവതി
ഒരു ത്യാഗിയായ് എരിഞ്ഞ പുണ്യവതി
ഒരു നീർത്തുള്ളിപോൽ വിണ്ണിൽ
വിശുദ്ധയായ അൽഫോൻസാമ്മ.
പാടീടുന്നു നിന്നെ ഞങ്ങൾ നിത്യം
സഹനമെന്ന വാക്കറിഞ്ഞ അമ്മേ....
പ്രാർത്ഥിച്ചീടുന്നു നിന്നെ ഞങ്ങൾ നിത്യം
പുണ്യമെന്ന വാക്കറിഞ്ഞ അമ്മേ....



# ഭാരതറാണി

റീസ് റോയി

വി. അൽഫോൻസാമ്മ ഭാരതീയരായ നമുക്ക് ഒരു അഭിമാനമാണ്. 1910-ൽ ജനിച്ച വി.അൽഫോൻസാമ്മയുടെ ജീവിതത്തിലൂടെ നാമൊന്ന് കണ്ണോടിക്കുകയാണെങ്കിൽ അമ്മയുടെ ജീവിതം ഒരു സഹനജീവിതമായി നമുക്ക് കാണാൻ കഴിയും.അമ്മയുടെ ജനനം മുതലേ സഹനമായിരുന്നു.ജനിച്ച് ഇരുപത്തിഒൻപതാം ദിവസം കഴിഞ്ഞപ്പോഴേക്കും സ്വന്തം അമ്മ മരിച്ചു. ഒൻപതാം വയസ്സിൽ സഹോദരനും മരിച്ചു . ബാക്കിയുള്ള ജീവിതം മുരിക്കൻ വീട്ടിലായിരുന്നു. കുഞ്ഞുനാൾ മുതലേ ഈശോയ്ക്കു വേണ്ടി തന്റെ ജീവിതം അമ്മ മാറ്റിവെച്ചിരുന്നതായി നമുക്ക് കാണാം .

നാട്ടുരീതി അനുസരിച്ച് പന്ത്രണ്ടാം വയസ്സിൽ അമ്മയുടെ വിവാഹം വീട്ടുകാർ ആലോചിച്ചു.ഇത് ഇഷ്ടപ്പെടാത്ത അൽഫോൻസാമ്മ മുരിക്കൻ പറമ്പിലെ ചാരക്കുനയിൽ തന്റെ ഉള്ളംകാൽ പൊള്ളിച്ചു.ഇതോടെ വീട്ടുകാർക്ക് സഹനത്തിന്റെ പുത്രിക്ക് ഈശോയോടുള്ള സ്നേഹ തീക്ഷണത മനസ്സിലായി. ''സഹനം'',പലപ്പോഴും നാം ഇഷ്ടപ്പെടാത്ത ഒന്നാണ്. ചെറിയൊരു സഹനം പോലും മാറ്റണമേ എന്നു പ്രാർ[1]

1 മനുഷ്യനിൽ മറഞ്ഞിരിക്കുന്ന ദൈവത്വത്തെ കണ്ടെത്തിയവളാണ് വി.അൽഫോൻസാ.ഭരണങ്ങാനത്തിന്റെ ഈ പ്രിയപ്പെട്ട വിശുദ്ധ 1910 ഓഗസ്റ്റ് 19-ന് ജനിച്ചു.ജന്മദേശം കുടമാളൂരാണ്.മുട്ടത്തുപാടത്ത് ജോസഫാണ് പിതാവ്.മേരിയാണ് മാതാവ്.

ത്ഥിക്കുന്ന നമ്മൾക്ക് സഹനത്തിന്റെ പുത്രിയായ വി. അൽഫോൻസാമ്മയുടെ സഹനവീക്ഷണം ഒരു പ്രചോദനമാകണം .

വി. അഫോൻസാമ്മയുടെ ജീവിതത്തിലേക്ക് നമ്മൾ ആഴത്തിൽ പരിശോധിക്കുകയാണെങ്കിൽ ആ ജീവിതം സഹനം മാത്രമായിരുന്നില്ല. അത് യേശുവിനായുള്ള ഒരു ബലി ജീവിതമായിരുന്നു. അമ്മ പറഞ്ഞു ''ഈശോ എന്റെ ഉള്ളിൽ വസിക്കുന്നതുകൊണ്ടാണ് എനിക്ക് സഹനങ്ങൾ ലഭിക്കുന്നത്.'' അതേ, ഇത് തീർച്ചയായും ശരിയായിരുന്നു. നാഥനായ ഈശോ അമ്മയിൽ വസിച്ചതുകൊണ്ടാണ് ക്ലേശങ്ങളെയും വെല്ലുവിളികളേയും അമ്മ തരണം ചെയ്തത്. 1928-ൽ വി. അൽഫോൻസ് ലിഗോരിയുടെ തിരുനാൾദിനത്തിലാണ് അമ്മ തിരുവസ്ത്രം സ്വീകരിച്ചത്. അതോടെ ഭരണങ്ങാനം ക്ലാരമഠം ഒരു വിശുദ്ധരുടെ ഭവനം ആവുകയായിരുന്നു. തനിക്കോരോ ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോഴും യേശുവിനോട് അമ്മ തീക്ഷ്ണമായി പ്രാർത്ഥിച്ചിരുന്നു. ''പരിത്രാണനായ ഈശോയോടുള്ള''പ്രാർത്ഥനയിൽ അമ്മ സജീവമായിരുന്നു. കുറേകാലങ്ങൾക്ക് ശേഷം അമ്മയ്ക്ക് രക്തസ്രാവം എന്ന രോഗമുണ്ടായി. രോഗം കൂടിയതോടെ അമ്മ അവശയായി. ക്ലാരമഠത്തിലെ മറ്റു 3 സിസ്റ്ററുമാർക്കും രോഗം ഉണ്ടായിരുന്നു.

അമ്മ ഒരു സാധാരണ സിസ്റ്ററായിരുന്നില്ല. തന്റെ ജീവിതത്തെ സഹനം കൊണ്ട് അലങ്കാരമാക്കിയ വിശുദ്ധ. 'സഹനം എന്ന താക്കോൽ കൊണ്ട് അമ്മ യേശുനാഥന്റെ ഹൃദയം തുറന്നു.'അമ്മയുടെ ജീവിതത്തിലേക്ക് കൂടുതൽ ആഴത്തിൽ നാം കണ്ണോടിക്കുകയാണെങ്കിൽ ജീവിതത്തിലെ സഹനത്തെയെല്ലാം

ആനന്ദത്തിന്റെയും, ആഹ്ലാദത്തിന്റെയും, താരകങ്ങളാക്കി അമ്മ മാറ്റി. യേശുനാഥന് തന്റെ ജീവിതം തന്നെ ബലിയായി അമ്മ നൽകി.

സഹനത്തിന്റെയും സ്നേഹത്തിന്റെയും ബലി കൂടിയായിരുന്നു അമ്മയുടെ ജീവിതം. തന്നെ വേദനിപ്പിക്കുകയും തന്നോട് വഴക്കുണ്ടാക്കുകയും ചെയ്തവരെ സ്നേഹിക്കാൻ അമ്മക്ക് കഴിഞ്ഞെങ്കിൽ, അതിന്റെ പിന്നിൽ സ്നേഹം തന്നെയാണ്. മറ്റുള്ളവരിൽ യേശുനാഥനെ കണ്ടുകൊണ്ടുള്ള സ്നേഹം. കാൽവരിയിൽ തന്നെ ബലിയായി സമർപ്പിക്കുകയും,പീഢകൾ സഹിക്കുകയും ചെയ്ത യേശുനാഥനായിരുന്നു അമ്മയുടെ മാതൃക. പിതാവ് തനിക്ക് നൽകിയ പാനപാത്രം കുടിച്ച ഈശോയെപ്പോലെ തന്നെ ഈശോ കൊടുത്ത സഹനത്തിന്റെ പാനപാത്രവും അമ്മ രണ്ടു കരങ്ങളും നീട്ടി സ്വീകരിച്ചു.

വേദനിക്കുമ്പോൾ സഹിക്കുകയും, ദേഷ്യം വരുമ്പോൾ ക്ഷമിക്കുകയും ചെയ്യുന്ന വിശുദ്ധയായിരുന്നു അൽഫോൻസാമ്മ. രോഗത്തിന്റെ ഗുരുതരാവസ്ഥയിൽ കിടന്നപ്പോൾ അമ്മയുടെ അഭ്യർത്ഥന പ്രകാരംവന്ന ളൂയിസ് അച്ചൻ പറഞ്ഞതിനനുസരിച്ച് അമ്മ വി. ചാവറയച്ചന്റെ നാമം ഉരുവിട്ടുകൊണ്ടിരുന്നു. ഒരു ദിവസം അമ്മ കണ്ട കാഴ്ച്ച, തനിയെ എഴുന്നേൽക്കുവാൻ പോലും സാധിക്കാത്ത അമ്മ കട്ടിലിൽ എഴുന്നേറ്റിരിക്കുന്നു. താൻ ചാവറയച്ചനോട് സംസാരിക്കുകയായിരുന്നു എന്നാണ് അമ്മ പറഞ്ഞത്.

പല വിശുദ്ധരോടും യേശുനാഥനോടും സംസാരിക്കുവാൻ അമ്മയ്ക്ക് കഴിഞ്ഞിരുന്നു. രോഗശയ്യയിൽ കിടന്നു കൊണ്ട് തീക്ഷ്ണമായി അമ്മ പ്രാർ

ത്ഥിച്ചിരുന്നു.യേശു ഉള്ളിൽ ഉള്ളവർക്ക് മാത്രമേ സഹനം ലഭിക്കുകയൊള്ളൂ. സഹനത്തെ സ്വന്തം ജീവിതത്തിലേക്ക് ഏറ്റു വാങ്ങിയ അമ്മ നമ്മുക്കൊരു മാതൃകയായി മാറണം.

''യേശുനാഥാ എനിക്ക് സഹനങ്ങൾ നൽകണമേ''എന്ന് അമ്മ പ്രാർത്ഥിച്ചിരുന്നു. തനിക്ക് സഹനങ്ങൾ ഇല്ലാത്ത ദിവസം ഈശോയോട് പിണങ്ങുമായിരുന്ന ഒരമ്മയെയാണ് നാം കാണുന്നത്. അതുപോലെ തന്നെ വേദനിപ്പിച്ചവരുടെ തുണികൾ മടക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും അമ്മ ചെയ്തിരുന്നു. ഇത്തരത്തിൽ യേശുനാഥനുമായി അഗാധബന്ധം പുലർത്തിയിരുന്നു. തന്റെ ജീവിതം തന്നെ ഈശോയ്ക്ക് ബലിയായി നൽകാൻ അമ്മക്ക് സാധിച്ചു.

അമ്മ പറഞ്ഞു, ''മുന്തിരിപ്പഴം ചക്കിലിട്ട് ഞെരിച്ചു കഴിയുമ്പോൾ അത് വീര്യമുള്ള വീഞ്ഞായി മാറുന്നു . ഇതു പോലെതന്നെ ജീവിതത്തിലെ പ്രശ്നങ്ങളേയും, ക്ലേശങ്ങളേയും നാഥനായ ഈശോയ്ക്ക് സമർപ്പിക്കുകയും ഇവയെ സഹനവുമായി കൂട്ടിച്ചേർക്കുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതം ആത്മവീര്യമുള്ളതായി മാറുന്നു.''ഇത്തരത്തിൽ ജീവിതത്തെ മാറ്റുവാനാണ് നാം പഠിക്കേണ്ടത്.എന്നാൽ എത്രപേർ തങ്ങളുടെജീവിതത്തെ ആത്മവീര്യമുള്ളതാക്കുന്നു എന്നത് ഇവിടെ പ്രസക്തമായ ഒരു ചോദ്യമാണ്.

ക്ലേശങ്ങളെയും മറ്റും മുന്തിരി ചക്കിലിട്ട് ഞെരുക്കണം എന്നതിന്റെ അർത്ഥം ''ക്ലേശങ്ങളെയും പ്രശ്നങ്ങളെയും ''സഹനം'' എന്ന മുന്തിരി ചക്കിലിട്ട് ഞെരുക്കണം എന്നാണ്.''അമ്മയുടെ ജീവിതത്തിൽ സഹനത്തിന്

വലിയപ്രാധാന്യമുണ്ടായിരുന്നു.ആ സഹനം തന്നെയാണ് അമ്മയെ വാനോളം ഉയർത്തിയതും. അമ്മയുടെ ജീവിതം ക്ലാരമഠത്തിലെ നാലു ചുവരുകൾക്കുള്ളിൽ മാത്രം നിന്നതായിരുന്നു.എന്നാൽ അമ്മ വിശുദ്ധയാകണം എന്നത് യേശുനാഥന്റെ തിരുവിഷ്ടം ആയിരുന്നു.

ആ ഇഷ്ടത്തിന് നിന്നു കൊടുക്കുക മാത്രമാണ് അമ്മ ചെയ്തത്. ”ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ തനിയേ ഇരിക്കും അഴിയുന്നെങ്കിലോ അത് കൂടുതൽ ഫലം പുറപ്പെടുവിക്കുന്നു.” അമ്മയുടെ ജീവിതത്തെ ഗോതമ്പുമണിയോട് ഉപമിക്കാം.അമ്മയുടെ ജീവിതത്തിൽ സഹനം ചേരുന്നില്ലെങ്കിൽ അത് പൂർണ്ണമാകുകയും വിശുദ്ധമാകുകയുമില്ലായിരുന്നു.സഹനം എന്ന മനോഭാവം മനുഷ്യനെ മാറ്റുന്നുവെന്ന് അമ്മയുടെ ജീവിതം നമ്മെ അടിവരയിട്ട് കാണിച്ചുതരുകയാണ് ചെയ്യുന്നത്.

അൽഫോൻസാമ്മയുടെ സഹനജീവിതമിന്ന് ഒരു വെല്ലുവിളിയാകുകയാണ്.ഈ ആധുനികതലമുറയെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിന് സഹനമില്ല,സ്നേഹവുമില്ല.സഹനമുള്ളവരിൽ മാത്രമേ യേശുനാഥൻ ഉള്ളൂ.സഹനം എന്ന മനോഭാവത്തിന് മനുഷ്യനെതന്നെ മാറ്റിമറിക്കുവാൻ സാധിക്കും.ഇത് നാം നമ്മുടെ മനസ്സിന്റെ അടിത്തറയിൽ ഓർമ്മിച്ചുവയ്ക്കേണ്ട ഒരു കാര്യമാണ്.ചെറിയസഹനങ്ങൾ ജീവിതത്തിൽ വരുമ്പോൾതന്നെ തളരുകയും അവയെ മാറ്റണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് നമ്മിൽ ഭൂരിപക്ഷവും. അവർ ഒരു കാര്യം മനസ്സിലാക്കുന്നില്ല,സഹനമാണ് ജീവിതമെന്നത്.

സഹനമെന്ന താക്കോൽ കൊണ്ട് യേശുനാഥന്റെ ഹൃദയം തുറന്ന അമ്മയും നമ്മോട് ആവശ്യപ്പെടുന്നത് ഇതാണ്.സഹനമില്ലെങ്കിൽ ജീവിതം ഇല്ല,ജീവിതത്തിന് അർത്ഥവുമില്ല.ജീവിതത്തിൽ ഉണ്ടാകുന്ന ചെറുതും വലുതുമായ കാര്യങ്ങൾ നമ്മുടെ നന്മയ്ക്കുവേണ്ടിയാണ് യേശുനാഥൻ തീർക്കുന്നത്.ഈ ചെറുതും വലുതുമായ കാര്യങ്ങളിൽ യേശുനാഥന്റെയും വി.അൽഫോൻസാമ്മയുടെയും മാതൃക അനുസരിച്ച് നാം ജീവിക്കണം.

അൽഫോൻസാമ്മയുടെ പാദസ്പർശത്താൽ പുണ്യമായ ഈ ഭൂമിയിൽ കോടാനുകോടി ജനങ്ങൾ വരുന്നതിന്റെ കാരണം 2008 ഒക്ടോബർ 12-ന് അമ്മ സഹനത്തിന്റെ പുത്രി ഭരണങ്ങാനത്തെ വാനോളം ഉയർത്തി.ജീവിതം പരീക്ഷണങ്ങളുടെ ഒരു വാതിലാണ്.ഈ ജീവിതത്തിൽ ചെറുതും വലുതുമായ ത്യാഗങ്ങൾ നമുക്കുണ്ടാകും.അവയെ നാം അതിജീവിക്കണം.അൽഫോൻസാമ്മയുടെ പക്കൽ വേദനയോടെ വരുന്ന ആരെയും അൽഫോൻസാമ്മ നിരാശപ്പെടുത്തില്ല.

അൽഫോൻസാമ്മയുടെ ഏറ്റവും വലിയ രോഗശാന്തി എന്നു പറയുന്നത് ജിനിൽ എന്ന കുട്ടിയെ സുഖപ്പെടുത്തിയതാണ്. ആത്മാർത്ഥവും തീക്ഷണവുമായി വിളിക്കുന്നവരുടെ വിളി അമ്മ കേൾക്കും തീർച്ച.നമ്മുടെ ജീവിതം നിരാശയുടെയും പ്രശ്നങ്ങളുടെ പടുകുഴിയിലേയ്ക്ക് പതിക്കുവാൻ കൊച്ചുകൊച്ചു സഹനങ്ങളെ ജീവിതത്തിൽ നാം പരിശീലിക്കണം.

ഇന്നത്തെ യുവ തലമുറയുടെ അധഃപതനത്തിനു കാരണം പെട്ടെന്നുണ്ടാകുന്ന നിരാശയും ആത്മഹത്യാപ്രവണതയുമാണ്. ജീവിതത്തിൽ

സഹനം എന്താണെന്നറിയാത്ത ഇവർക്ക് ജീവിതത്തിലുണ്ടാകുന്ന ചെറിയ പ്രശ്നങ്ങളെപ്പോലും അതിജീവിക്കാൻ സാധിക്കില്ല. അതിനാൽ ചെറുപ്പം മുതലേ നാം സഹനം അറിഞ്ഞുവളരണം.

സഹനം എന്ന താക്കോലുകൊണ്ട് യേശുനാഥന്റെ ഹൃദയത്തെ തുറക്കുവാൻ നമ്മുക്ക സാധിക്കണം.പ്രശ്നങ്ങളുടെ പടുകുഴിയിൽ നിന്ന് അൽഫോൻ സാമ്മയുടെ മാദ്ധ്യസ്ഥം വഴി പറന്നുയരുവാൻ നമുക്ക കഴിയണം.കുട്ടികളുടെ ഏറ്റവും അടുത്ത അധ്യാപികയായ അമ്മയുടെ ഈ തിരുനാൾ നമ്മുക്ക് ഒരു നല്ല മാതൃക ആവും തീർച്ച.



# സഹനത്തിന്റെ കെടാവിളക്ക്



റെയ്മി റോയി

കുടമാളൂരിൽ മൊട്ടിട്ട്, വിശുദ്ധിയുടെ പരിമളം പരത്തി നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഭാരത കത്തോലിക്കാ സഭയുടെ ആദ്യവിശുദ്ധ. വിശുദ്ധ ജീവിതത്തിന് വിശുദ്ധമായ സാക്ഷ്യം നൽകിയവൾ വി. അൽഫോൻസാ. ഭാരതമണ്ണിൽ ജനിച്ചുവളർന്ന ഭാരതത്തിലെ പ്രഥമവിശുദ്ധ ഇന്ന് വിശുദ്ധിയുടെ ഉത്തുംഗതലത്തിൽ നിലകൊള്ളുന്നു.

ആർക്കും ആരെയും അറിയാൻ അഗ്രഹമില്ലാത്ത, ആഗ്രഹിച്ചാലും സമയമില്ലാത്ത, ഒന്നിനെയും അറിയാനോ അവ ഗ്രഹിക്കനോ ആഗ്രഹമില്ലാത്ത ആധുനിക യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. പരസ്പരം അടുത്തിടപെഴകി സംസാരിക്കാൻ സാധ്യതയുണ്ടെങ്കിലും അത് ചെയ്യാൻ തയ്യാറാകുന്നില്ല. മറ്റുള്ളവരുടെ ജീവിതത്തിലെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അറിയാൻ സമയമില്ലാത്ത ഈ ആധുനികയുഗത്തിലാണ് അൽഫോൻസാമ്മയുടെ ജീവിതത്തിന്റെ പ്രസക്തി.

ഈശോയ്ക്കുവേണ്ടി സ്വജീവിതം ത്യാഗമായി കാഴ്ചവച്ച അൽഫോൻസാമ്മ വിശുദ്ധിയിലേയ്ക്ക് സഹനംവഴി എത്താനാഗ്രഹിക്കുന്നവർക്ക് ഉത്തമമാതൃകയാണ്. ഈശോയുടെ മണവാട്ടിയാകാൻ ഏറെ ആഗ്രഹിച്ചിരുന്ന

അൽഫോൻസാമ്മയ്ക്ക് സഹനം ഏറെ പ്രതീക്ഷയുളവാക്കിയിരുന്നു."എന്റെ സ്നേഹനാഥൻ കുരിശിലല്ലേ മരിച്ചത് ? എനിക്കും സഹനങ്ങളുടെ കുരിശിൽ മരിച്ചാൽ മതി!" എന്ന് വി. അൽഫോൻസാമ്മ ഒരു അവസരത്തിൽ പറയുന്നുണ്ട്. ആധുനിക യുഗത്തിന് ഇത് തികച്ചും പ്രചോദനത്തിന്റെ പ്രേരണയാണ്. ഈശോയെ പോലെ ലോകത്തിനുവേണ്ടി സ്വന്തം ജീവിതം കൊടുത്ത ഏറെ രക്തസാക്ഷികൾ നമുക്കു ചുറ്റും ഇന്നുമുണ്ട്.

ഭാരതത്തിലെ പ്രഥമവിശുദ്ധയായ അൽഫോൻസാമ്മ 1910 – ഓഗസ്റ്റ് 19–ന് കുടമാളൂർ ഇടവകയിലെ മുട്ടത്തുപ്പാടത്ത് എന്ന വീട്ടിൽ ഭൂജാതയായി. ഈശോയ്ക്ക് ഇഷ്ടമുള്ള സ്വഭാവമായിരുന്നു അവളുടേത്. ചെറുപ്പം മുതലേ കൊച്ചുത്രേസ്യപുണ്യവതിയെപോലെയാവാൻ അവൾ ആഗ്രഹിച്ചു. സ്വന്തം കാര്യം അവൾ ചിന്തിച്ചിട്ടില്ല എങ്കിലും ഈശോയ്ക്കുവേണ്ടി എന്ന കാര്യത്തിൽ മറ്റുള്ളവരേക്കാൾ മുൻപന്തിയിൽ നിൽക്കുമായിരുന്നു എന്തുകൊണ്ടും അൽഫോൻസാമ്മ. സഹനം, ത്യാഗം, സ്നേഹം, ഉപവാസം, പ്രാർത്ഥന, അത്മവിശുദ്ധി എന്നിവ പരിശീലിച്ച അൽഫോൻസാമ്മ വ്രതത്രയത്തിൽ ത്യാഗവും സഹനവും സമന്വയിപ്പിച്ച സാത്വിക ത്യാഗമായിതീരുകയായിരുന്നു.സഹനത്തിൽ അവർക്ക് പരാതിയുണ്ടായിരുന്നില്ല. സഹിക്കുക മാത്രമായിരുന്നു അവളുടെ ഇഷ്ടം. ഈശോയ്ക്കുവേണ്ടി സഹനങ്ങൾ ചോദിച്ചുവാങ്ങിയിരുന്ന അൽഫോൻസാമ്മ അതിനുവേണ്ടിയാണ് തീച്ചൂളയിലേയ്ക്ക് ചാടിയതും. സഹിക്കുന്നതിൽ മടിയില്ലായിരുന്ന അൽഫോൻസാമ്മ സഹനത്തിന്റെ മാതൃകയാണ് ഇന്നത്തെ കാലഘട്ടത്തിൽ.

സ്നേഹം അതിനുവേണ്ടി സഹനത്തിന്റെ പിറകേ ഓടുകയായിരുന്നു അവൾ. ഈശോയുടെ മണവാട്ടിയാകാൻ ആഗ്രഹിച്ച, അവൾക്ക് വിവാഹലോചന ജീവിതം അവസാനിപ്പിക്കുന്നതിന് തുല്യമായിരുന്നു.അതുകൊണ്ടുതന്നെയാണത്രേ തീച്ചൂളയിൽ ചാടി സൗന്ദര്യത്തിന് കളങ്കം വരുത്താൻ ശ്രമിച്ചത്. ജീവിതത്തിലെ ഓരോ സഹനങ്ങളും ചോദിച്ചുവാങ്ങി ഈശോയ്ക്ക് അത് ഭംഗിയുള്ള റോസാപ്പൂക്കളായി സമർപ്പിച്ചുകൊണ്ട് അവളുടെ സഹനബലി പൂർത്തിയാക്കി. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ സ്നേഹത്തിനുവേണ്ടി സഹനത്തിന്റെ പുറകേ ഓടുകയായിരുന്നു അൽഫോൻസാമ്മ.” എന്നെ കാത്തിരിക്കുന്ന സ്നേഹം, എന്നെ ഓർത്തിരിക്കുന്ന സ്നേഹം അതിന്റെ പുറകേ ഓടിക്കൊണ്ടിരുന്നു.അവർ ചെറുപ്പം മുതലേ കന്യാസ്ത്രീ ആവണമെന്ന് ആഗ്രഹിച്ചു. അതിനായി ചെറുപ്പം തൊട്ടെ അവൾ സ്വയം ഒരുക്കുകയായിരുന്നു.

അൽഫോൻസാമ്മയുടെ പരിധിയില്ലാത്ത സ്നേഹവും, പരാതിയില്ലാത്ത സഹനവുമാണ് അവളെ ലോകസൃഷ്ടിയിൽ തന്നെ ദൈവം ഉയർത്തിയത്. മറ്റാരും അറിയാതെ പോയ ആ സഹനപുഷ്പത്തെ ദൈവം വിശുദ്ധിയുടെ ഉത്തുംഗസ്വർഗ്ഗത്തിലെത്തിച്ചു.

ഭാരതനാടിന്റെ അഭിമാനമായ് അഭിവന്ദ്യയായി അൽഫോൻസാമ്മ ഇന്ന് നിലകൊള്ളുന്നു. ക്ലാരസഭയിലെ സഹനപുഷ്പമായി അവൾ ലോകത്തിലാകമാനം മിന്നിതിളങ്ങുന്നു.” ഈശോ എന്ന തിരുനാമം ഉച്ചരിക്കുന്നത് എന്റെ നാവിന് മധുരമാണ് "അൽഫോൻസാമ്മയുടെ വാക്കുകളാണിവ.

ജീവിതത്തിന്റെ ഏകാന്ത നിമിഷങ്ങളിൽ ഈശോ എന്ന നാമം ഉച്ചരിച്ച് സ്നേഹത്തിന്റെ വലിയ പ്രതിബിംബമായി അൽഫോൻസാമ്മ ശോഭിക്കുന്നു.

ആധുനിക യുഗം എന്താണ് ? അത് നമുക്കു മുമ്പിലൊരു ചോദ്യംതന്നെ!ഈശോയുടെ സ്നേഹം എന്തെന്നറിയില്ല.ഈശോയുടെ സഹനമെന്തെന്നറിയില്ല.ഈശോ ആരാണെന്നുപോലും പലപ്പോഴും ആധുനിക മനുഷ്യർക്ക് അറിയില്ല.ഇവിടെയാണ് അൽഫോൻസാമ്മയുടെ ജീവിത രഹസ്യത്തിന്റെ പ്രസക്തി.ആർക്കും ആരെയും അറിയാനോ മനസ്സിലാക്കാനോ സമയമില്ലാത്ത അഥവാ ആഗ്രഹമില്ലാത്ത ആധുനിക യുഗം. ഈ യുഗത്തിന്റെ സമകാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ് അൽഫോൻസാമ്മയുടെ വിശുദ്ധ ജീവിതം . വിശുദ്ധ ജീവിതത്തിന് വിശുദ്ധമായ സാക്ഷ്യം നൽകിയവളാണ് വി. അൽഫോൻസാ . സഹനം എന്തെന്നറിയില്ലാത്ത ആധുനികയുഗത്തിന് അതെന്താണെന്ന് അൽഫോൻസാമ്മയുടെ ജീവിതം വഴി മനസ്സിലാകും.

ഇന്നത്തെ തലമുറ സഭയിൽനിന്നും ക്രൈസ്തവജീവിതത്തിൽ നിന്നുതന്നെയും അകന്നുകൊണ്ടിരിക്കുകയാണ്. ഈ യുഗത്തിൽ മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗം കൂടുന്നതും ആണ് ആ അകൽച്ചക്കുള്ള മുഖ്യകാരണം.ജനിച്ചുവീഴുന്ന കുട്ടികളുടെ കൈകളിൽ കളിപ്പാട്ടങ്ങൾക്കുപകരം മൊബൈൽഫോണുകളാണ് മാതാപിതാക്കൾ നൽകുന്നത്.അത് ഇന്നത്തെ രക്ഷകർത്താക്കളുടെ വലിയ ഒരു കുറവാണ്.ആ കുറവ് നികത്താനും ഈ സഹനപുഷ്പത്തിന്റെ ജീവിതം തീർച്ചയായും സഹായകമാണ്.അൽഫോൻസാമ്മയുടെ

ജീവിതം തികച്ചും എളിമയുടെയും വിശുദ്ധിയുടെയും ജീവിതമായി പ്രശോഭിക്കുന്നു.കരുണയും ദയയും അവൾ മുഖത്ത് കൊണ്ടുനടന്നിരുന്നു.സഹനത്തിന്റെ അഗ്നിക്കുവേണ്ടി ജ്വലിക്കുന്ന ദീപംപോലെ പീഠത്തിന്മേൽ ഉയർത്തിവെയ്ക്കപ്പെട്ട വിളക്കാണ് അൽഫോൻസാമ്മ.സ്നേഹനിധിയായ അവളുടെ അടുത്തേക്ക് കുട്ടികൾ ഓടിയെത്തുമായിരുന്നു.അൽഫോൻസാമ്മ ആ കുട്ടികൾക്കൊക്കെ കൊച്ചുകൊച്ചു വിശുദ്ധരുടെ കഥകൾ,ബൈബിൾ പാരായണങ്ങൾ,സുകൃതജീവിതങ്ങൾ എന്നിവയൊക്കെപറഞ്ഞുകൊടുക്കുമായിരുന്നു.ഇന്നത്തെലോകംമായങ്ങളുടേതാണ്. അതുകൊണ്ടുതന്നെ ലോകത്തിലെ മായങ്ങൾക്കിടയിൽ അകപ്പെടാതെ നാം ജീവിക്കാൻ അവൾ നമ്മെ ബോധവാന്മാരാക്കുന്നു.കഠിനവേദനകളിലും വലിയ പരീക്ഷണങ്ങളിലും ദൈവത്തോടുള്ള സ്നേഹത്തിൽ ഉറച്ചുനിന്നിരുന്ന അൽഫോൻ സാമ്മ എല്ലാ സഹനങ്ങളും ബന്ധിച്ച് ബഹിഷ്കരിച്ച് ഈശോയുടെ കുരിശിൻ ചുവട്ടിലേക്ക് സമർപ്പിച്ചിരുന്നു.എന്നാൽ ഇന്നത്തെ ലോകത്തിൽ നാം സഞ്ചരിക്കുന്ന വഴികൾ എത്രമാത്രം സുരക്ഷിതമാണെന്ന് പറയാൻ സാധിക്കില്ല.അത്രമാത്രം ഈ ലോകം മാറിയിരിക്കുന്നു.ഇനിയും മാറിക്കൊണ്ടിരിക്കും.വിദ്യാർത്ഥികൾക്ക് പഠനത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കും,വിവാഹജീവിതത്തിലെ പ്രശ്നങ്ങൾക്കും,ജോലിയില്ലാതെ വിഷമിക്കുന്നവർക്കും പ്രത്യേകിച്ച് ജീവിതത്തിലെ വിവിധ തടസ്സങ്ങളുടെ മോചനത്തിനും എന്നും അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ പ്രാർത്ഥിക്കുന്നവർ നിരവധിയാണ്.ദൈവത്തിന്റെ പക്കലുള്ള വിശ്വാസമാണ് ഇതിന് കാരണം.ഗോതമ്പുപൊടിക്കുമ്പോഴാണ് ഓസ്തി അപ്പത്തിനുള്ള പൊടിയും മാവും

ലഭിക്കുക.മുന്തിരി പിഴിഞ്ഞ് ചാറാക്കി അതിന്റെ നീരാണ് വീഞ്ഞെന്നും അൽഫോൻസാമ്മയ്ക്ക് അറിയാമായിരുന്നു.അപ്പവും വീഞ്ഞും ആവാനല്ല അവൾ ആഗ്രഹിച്ചത്.ഈശോയ്ക്കുവേണ്ടി പൊടിയുന്ന ഗോതമ്പും വീഞ്ഞുമാകാനാണ് അവൾ ആഗ്രഹിച്ചിരുന്നത്.അതിനായ് നിരന്തരം അൽഫോൻസാമ്മ ശ്രമിച്ചിരുന്നു. ഈശോയോടുള്ള സ്നേഹത്തിൽ ഉറച്ചുനിന്നിരുന്ന അൽഫോൻസാമ്മ ആ സ്നേഹമണവാളന്റെ സ്നേഹമെന്തെന്ന് എല്ലാവരേയും അറിയിക്കുമായിരുന്നു.തീർത്തും വ്യത്യസ്തമായ ജീവിതശൈലിയായിരുന്നു അൽഫോൻസാമ്മയുടേത്.മിശിഹാനുകരണത്തിന്റെ മാതൃകയാണവൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്നത്.ഈശോ മനുഷ്യവംശത്തിനുവേണ്ടി,എനിക്കുവേണ്ടി കുരിശുമരണം വഴി രക്ഷപ്പെടുത്തി.അതിനാൽ അൽഫോൻസാമ്മ ഈശോയ്ക്കുവേണ്ടി ജീവിതത്തിലെ കുരിശുകളെ ക്ഷമയോടെ ചുമന്നുകൊണ്ട് ജീവിച്ചു.ഈശോയെപ്പോലെ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളരുവാൻ പ്രയത്നിച്ച അൽഫോൻസാമ്മയെ ലോകത്തിന്റെ എല്ലാദിക്കുകളിലുമുള്ള ആളുകൾ ഇന്ന് ഭക്തിയോടെ വണങ്ങുന്നു.കാരണം മറ്റൊന്നുമല്ല,ക്ലാരമഠത്തിന്റെ പൂവാടിയിൽനിന്നുമുള്ള ഈ സഹനപുഷ്പം പരിധിയില്ലാത്ത സ്നേഹവും പരാതിയില്ലാത്ത സഹനവും ജീവിതത്തിൽ അവലംബിച്ചു.കാരുണ്യത്തിന്റെയും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും ഉപകരണമായി ജീവിച്ചു.ആ സ്നേഹപുണ്യവതിയുടെ മാതൃക നാം പിന്തുടരണം.

ഇന്ന് ലോകത്തിൽ നടക്കുന്ന എല്ലാ പ്രശ്നങ്ങളും വെറും നിസാരമെന്നു വേണമെങ്കിൽ പറയാം.കാരണം അതിൽ ഒരു സഹനവുമില്ല.യഥാർത്ഥ പ്രശ്നം ഉള്ളിടത്ത് സഹനവുമുണ്ടാകും.അൽഫോൻസാമ്മ തന്റെ ജീവിതത്തിലെ കറുത്തദിനമായ വെള്ളിയാഴ്ചയെ ആദ്യം സന്തോഷത്തിന്റെയും,പിന്നെ മഹിമയുടെയും പിന്നീട് പ്രകാശത്തിന്റെയും വെള്ളിയാഴ്ചകളാക്കി മാറ്റി.എത്ര വലിയ സഹനങ്ങളാണെങ്കിലും അവർ പുഞ്ചിരി അവലംബിച്ചു."പുഞ്ചിരി ഒരു തിരിവെട്ടമാണ്.സങ്കടപ്പെടുന്നവരുടെ മുഖത്തേക്കുനോക്കി കരുണയോടെ ഞാൻ പുഞ്ചിരിക്കും".വി.അൽഫോൻസാമ്മയുടെ വാക്കുകളാണിത്.നാം എത്രമാത്രം സഹിക്കും?അൽഫോൻസാമ്മയുടെ ജീവിതം നമുക്കുനൽകുന്ന ഒരു ചോദ്യമാണിത്.ഈ ചോദ്യത്തെ നാം മറികടക്കണം.ഒരു ചെറിയ പ്രശ്നം ജീവിതത്തിലുണ്ടാകുമ്പോൾ അതിനെ ക്ഷമാപൂർവ്വം കൈകാര്യം ചെയ്യാൻ സാധിക്കണം.

സഹനമാകുന്ന ശയ്യയിലും,സ്നേഹമായിടാൻ സുകൃതമായ് ഈശോ വരാൻ അവൾ പ്രാർത്ഥിച്ചിരുന്നു.കുരിശിന്റെ നിഴലിൽ വന്നിട്ടും വഴികളിൽ കനലുകൾ പൂക്കളായ് അവൾ സ്വർഗ്ഗത്തിലേക്കയച്ചു.ഒരു സഹനപുഷ്പമാകുവാൻ ആഗ്രഹിച്ചിരുന്ന അൽഫോൻസാമ്മ അവൾ ഒരു ഇലയുടെ തണലിൽ എന്നപോലെ ഒതുങ്ങി ജീവിച്ചിരുന്നു.പതുക്കെ പതുക്കെ അവൾ രോഗശയ്യയിലായി.ഈശോ മറിയം യൗസേപ്പേ എന്ന് അവസാനമായി ഉരുവിട്ടുകൊണ്ട് അവൾ ഈ ലോകത്തുനിന്നും തന്റെ പ്രിയമണവാളന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിലേക്ക് വിളിക്കപ്പെട്ടു.ജീവിത

ലാളിത്യം പാലിച്ച പാവനമാനസയായിരുന്നു.സേവനപൂർണയായ അവൾ സഹനബലി പൂർത്തിയാക്കി 2008 ഒക്ടോബർ 12-ന് ഭാരതത്തിലെ ആദ്യവിശുദ്ധ എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടു.അൽഫോൻസാമ്മയുടെ കബറിടവും മ്യൂസിയവും സന്ദർശിക്കുന്നവർ ഇന്ന് നിരവധിയാണ്.ഈശോയ്ക്കുവേണ്ടി ജീവിച്ച അൽഫോൻസാമ്മ സഹനംവഴി ഈശോയുടെ അടുത്തേക്ക് നമ്മെ മാടിവിളിക്കുന്നു.ഈശോ എന്ന രക്ഷകന്റെ മാതൃക അനുകരിച്ച് ജീവിതകഷ്ടപ്പാടുകളിലുംകഠിന പരീക്ഷണങ്ങളിലും വിജയിച്ച അൽഫോൻസാമ്മ വിശുദ്ധിയിലേക്ക് ഒരു ഉത്തമ മാതൃകയാണ്.അൽഫോൻസാമ്മ വിശുദ്ധിയുടെ പടവുകൾ കയറിയതുപോലെ നമ്മളും ജീവിക്കണം.അൽഫോൻസാമ്മയെപ്പോലെ ഭാരതസഭയുടെ അലങ്കാരമായി പ്രശോഭിക്കാൻ നമ്മൾക്കും സാധിക്കണം.

കഠിനവേദനകളിലും വലിയപരീക്ഷണങ്ങളിലും ദൈവത്തോടുള്ള സ്നേഹത്തിൽ ഉറച്ചുനിന്ന് പ്രാർത്ഥിക്കാം.കഴിയുന്ന വിധത്തിൽ മറ്റുള്ളവരുടെ പ്രശ്നങ്ങൾക്കൂടി നാം അറിയണം.അവരെ നാം സഹായിക്കണം.എളിമയുടെ ഒരു പാത്രമാകാൻ നാം ശ്രമിക്കണം.ദൈവം നമ്മൾക്ക് ദാനമായി നൽകിയ ഈ ജന്മം ഭൂമിയിൽ അൽഫോൻസാമ്മയെപ്പോലെ എളിമയിലും വിശുദ്ധിയിലും നാം ജീവിക്കണം.എളിമയാണ് സുകൃതങ്ങളുടെ രാജ്ഞി.ഈ ബോധ്യം മനസ്സിലാക്കി നാം മുമ്പോട്ട് പ്രയാണം ചെയ്യണം.ദൈവം നൽകിയ ഈ ജന്മം എന്തുകൊണ്ടും മനോഹരമാക്കിത്തീർക്കണം എന്നല്ലേ നാം ചിന്തിക്കേണ്ടത്?ഈശോയുടെ അളവറ്റ സ്നേഹം അനുഭവിക്കാൻ സ്നേഹം ലഭിച്ച നാം സുകൃതങ്ങൾ ചെയ്തും സഹിച്ചും ക്ഷമിച്ചും

കുരിശിലെ ഈശോയുടെ സഹനബലിയും അൽഫോൻസാമ്മയുടെ സഹനജീവിതവും അനുകരിക്കാം.അങ്ങനെ നമ്മുക്ക് ജീവിതം മധുരമാക്കി തീർക്കാം.





# സഹനത്തിന്റെ നെയ്ത്തിരി

ക്രിസ്റ്റി ജോർജ്

1910 – ആഗസ്റ്റ് 19–ന് കുടമാളൂർ എന്ന ഗ്രാമത്തിലാണ് വി. അൽഫോൻസാമ്മ ജനിച്ചത്. മുരിക്കൻ വീട്ടിലെ ജോസഫിന്റെയും മേരിയുടെയും നാലാമത്തെ കുട്ടിയായിയാണ് അന്നക്കുട്ടി ജനിച്ചത്. ജനിച്ചതിന് ഏഴാം ദിവസം അവളെ മാമ്മോദീസാ മുക്കി. അവൾക്ക് മാമ്മോദീസാ പേരായി അന്നക്കുട്ടി എന്ന പേരുനൽകപ്പെട്ടു. അവൾ ജനിച്ചതിന്റെ ഇരുപത്തിഒൻപതാം ദിവസം അവളുടെ അമ്മ അന്നക്കുട്ടിയെ വിട്ടുപോയി. അമ്മയില്ലാത്ത കുഞ്ഞിനെ വളർത്തിയത് അന്നക്കുട്ടിയുടെ പേരമ്മ അന്നമ്മയാണ്. അന്നമ്മയ്ക്ക് പെൺമക്കളില്ലാത്തതിനാൽ അവളെ സ്വന്തം മകളായി വളർത്തി. ഏകമകളായതിനാൽ അവളെ താലോലിച്ചാണ് വളർത്തിയത്. നാട്ടുനടപ്പനുസരിച്ച് പന്ത്രണ്ടാം വയസ്സിൽ പെൺ കുട്ടികളെ കെട്ടിച്ചയക്കണമെന്നതിനാൽ അവളുടെ പേരമ്മ അവൾക്കായി ഒരുപാട് വിവാഹാലോചനകൾ കൊണ്ടുവന്നു. എന്നാൽ അവൾക്ക് വിവാഹം ഇഷ്ടമില്ലായിരുന്നു. കുട്ടിക്കാലത്ത് അവൾക്ക് കൊച്ചുത്രേസ്യപുണ്യവതി പ്രത്യക്ഷപ്പെടുകയും തന്നെ ഈശോയുടെ മണവാട്ടിയാകാൻ വിളിച്ചിരിക്കുന്നു എന്ന് അവളോട് പറയുകയും ചെയ്തു. അവൾക്ക് മഠത്തിൽ ചേർന്ന് ഈശോയുടെ

മണവാട്ടിയായി ജീവിക്കണമെന്നായിരുന്നു ആഗ്രഹം. പക്ഷെ അന്നക്കുട്ടിയുടെ പേരമ്മ തന്റെ ഏക മകളെ മഠത്തിൽ വിടാൻ വിസമ്മതിച്ചു. അന്നക്കുട്ടിക്ക് നല്ല സൗന്ദര്യമുണ്ടായിരുന്നു. അവളുടെ സൗന്ദര്യം നശിപ്പിച്ചാൽ തനിക്ക് വരുന്ന കല്യാണാലോചനകൾ മുടക്കാൻ സാധിക്കുന്നതിനാൽ അവർ തന്റെ കാലുകൾ ഉമ്മിതീയിൽ പൊള്ളിക്കാൻ തീരുമാനിച്ചു. പക്ഷെ കാല് ഉമ്മിതീയിൽ വീണതിനാൽ ഒരുപാട് പൊള്ളി. അവളെ തന്റെ സ്വന്തം വീട്ടിലേക്ക് കൊണ്ടുവരുകയും വൈദ്യന്റെ മരുന്ന് ഫലിക്കുകയും അവൾക്ക് നടക്കാൻ സാധിക്കുകയും ചെയ്തു.

തന്റെ പ്രിയപ്പെട്ട മകൾ ഈ കടുംകൈ ചെയ്തതിനാൽ അവളുടെ പേരമ്മയും കുടുംബാഗങ്ങളും അവളെ മഠത്തിൽ വിടാൻ സമ്മതിച്ചു.1927-ൽ അവൾ ഭരണങ്ങാനം മഠത്തിൽ ചേർന്നു. സഭാവസ്ത്രം സ്വീകരണത്തിനുശേഷം അവൾ വാകക്കാട്ടിലേക്ക് നിത്യവ്രതത്തിനായി പോയി. അവിടെയായിരുന്നപ്പോൾ അവൾക്ക് രക്തസ്രാവം എന്ന രോഗം പിടികൂടുകയും രോഗം വഷളാകുന്നതിനാൽ നിത്യവ്രതം പൂർത്തിയാക്കാതെ മെത്രാനച്ചന്റെ നിർദ്ദേശപ്രകാരം അവളെ ഭരണങ്ങാനത്തേക്ക് തിരിച്ചയയ്ക്കുകയും ചെയ്തു. അവളുടെ ശരീരസഹനത്തിലെ ആദ്യത്തെ സഹനമായിരുന്നു രക്തസ്രാവം എന്ന രോഗം. ളൂയിസച്ചന്റെ നിർദ്ദേശപ്രകാരം വി.ചാവറപിതാവിനോട് 9 ദിവസത്തേ നോവേന ചൊല്ലി പ്രാർത്ഥിക്കുകയും അവൾക്ക് ചാവറ പിതാവ് പ്രത്യക്ഷപെടുകയും സൗഖ്യം നൽകുകയും ചെയ്തു. ചാവറ പിതാവ് അൽഫോൻസാമ്മയോട് ഇങ്ങനെ അരുളിചെയ്തു;രക്തസ്രാവം എന്ന രോഗം[2]

---

2 സഭാവസ്ത്രം-ലോകത്തെ പരിത്യജിച്ചതിന്റെ അടയാളം

- നിത്യവ്രതം-നിത്യസമർപ്പണം
- നോവേന-പ്രാർത്ഥന

ഇനിമേൽ നിനക്ക് ഉണ്ടാകുകയില്ല. എന്നാൽ അനേകം രോഗങ്ങൾ നിന്നെ പിടിപിക്കും. അന്ന് മുതൽ അവൾക്ക് അനേകം രോഗങ്ങൾ ഉണ്ടാകാൻ തുടങ്ങി. അവൾ ആ രോഗങ്ങൾ ഈശോയോട് ചോദിച്ച് വാങ്ങിയതാണ്. ഇവിടെയാണ് അൽഫോൻസാമ്മയിൽ നിന്ന് നാം എല്ലാവരും വ്യത്യസ്തരാകുന്നത്. നാമും അൽഫോൻസാമ്മയെപ്പോലെ ഒരുപാട് സഹിക്കുന്നവരാണ്, പക്ഷെ അവൾ തന്റെ സഹനങ്ങൾ ഈശോയ്ക്കായി സമർപ്പിക്കുകയും സഹനങ്ങൾ ചോദിച്ച് വാങ്ങുകയും ചെയ്തു. അതാണ് അവളെ ഒരു പുണ്യവതിയാക്കിതീർത്തത്. അൽഫോൻസാമ്മയെപ്പോലെ നമുക്കും നമ്മുടെ സഹനങ്ങൾ ഈശോയ്ക്കായി സമർപ്പിക്കാം. അൽഫോൻസാമ്മ തന്റെ മണവാളനായ ഈശോയോട് നിരന്തരം സംസാരിക്കുമായിരുന്നു. അൽഫോൻസാമ്മ ഈശോയോട് അവന്റെ കുരിശ് തനിക്ക് തരാമോയെന്ന് ആവശ്യപ്പെട്ടു. എന്നാൽ തന്റെ മണവാട്ടിയായ അൽഫോൻസയോട് ഈശോ ചോദിച്ചു: മകളെ നിനക്ക് ഈ കുരിശ് ചുമക്കാൻ സാധിക്കുമോ, എന്റെ കുരിശിന്റെ ഒരു ഓഹരി നിനക്ക് ഞാൻ തരാം.ആ കുരിശിന്റെ ഒരു ഓഹരിയാണ് വി.അൽഫോൻസാമ്മയുടെ ജീവിതത്തിൽ അവൾ ചോദിച്ചു വാങ്ങിയ സഹനങ്ങൾ. അൽഫോൻസാമ്മ വിശുദ്ധയാകാനായി ഒരുപാട് സാമൂഹിക പ്രവർത്തനങ്ങൾ ഒന്നും ചെയ്തില്ല. മറിച്ച് അവളുടെ സഹനങ്ങളാണ് അവളെ ഒരു വിശുദ്ധയാക്കി തീർത്തത്, അൽഫോൻസാമ്മയുടെ സഹനങ്ങളോടുള്ള വീക്ഷണമാണ്.1946-ജൂലൈ 28-ന് ആണ് അവൾ ഭൂമിയിൽ മരിച്ച്,സ്വർഗ്ഗത്തിൽ ജനിച്ചത്. 2008 ഒക്ടോബർ-12-ന് ജോൺ പോൾ രണ്ടാമൻ മാർ പാപ്പ വി. പദവിയിലേക്ക് ഉയർത്തി. എല്ലാ വർഷവും ജൂലൈ 28-ന് അവളെ

സംസ്കരിച്ചിരിക്കുന്ന ഭരണങ്ങാനം അൽഫോൻസാ പള്ളിയിൽ അവളുടെ തിരുനാൾ ആഘോഷിക്കുന്നു. അനേകായിരങ്ങൾ വന്ന് ആ പുണ്യവതിയുടെ കബറിടം സന്ദർശിക്കുകയും തങ്ങൾക്കായി മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നു.അവർക്കെല്ലാം വി. അൽഫോൻസാമ്മ ഈശോയോട് പ്രാർത്ഥിച്ച് അർത്ഥനകൾ സാധിച്ചുകൊടുക്കുന്നു. വി. അൽഫോൻസാമ്മ ഈശോയുടെ വാത്സല്യപുത്രിയെന്നതിന്റെ തെളിവാണിത്.

വി. അൽഫോൻസാമ്മയോട് മാദ്ധ്യസ്ഥം യാചിക്കാനായി അനേകായിരങ്ങളാണ് അവളുടെ കബറിടം സന്ദർശിക്കാൻ ലോകത്തിന്റെ വിവിധകോണുകളിൽ നിന്ന് ഭരണങ്ങാനത്ത് എത്തുന്നത്. അവരെയെല്ലാം വി. അൽഫോൻസാമ്മ വെറും കൈയോടെ അയച്ചിട്ടില്ല.

കുഞ്ഞുങ്ങളുടെ പ്രിയപ്പെട്ട അമ്മയായിരുന്നു വി. അൽഫോൻസാമ്മ. കുഞ്ഞുങ്ങളെ ഒരുപാട് ഇഷ്ടമായിരുന്നു അവൾക്ക്. പരീക്ഷക്ക് കുഞ്ഞുങ്ങൾ അൽഫോൻസാമ്മയോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും അവർക്ക് നല്ല മാർക്ക് ലഭിക്കുകയും ചെയ്തിരുന്നു. കുഞ്ഞുങ്ങൾക്ക് മാത്രമല്ല എല്ലാവർക്കും പ്രിയപ്പെട്ടവളായിരുന്നു വി. അൽഫോൻസാമ്മ. ജീവിച്ചിരുന്ന കാലത്ത് തന്നെ അനേകർക്ക് വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് സൗഖ്യം ലഭിക്കുകയും ചെയ്തിരുന്നു. അവളുടെ പ്രാർത്ഥനയ്ക്ക് വലിയ ശക്തിയുണ്ടായിരുന്നു.

## "വി. അൽഫോൻസാമ്മയുടെ സൂക്തങ്ങൾ."

'കഷായം തരുന്ന കർത്താവ് പഞ്ചസാരയും തരും.' ഇവിടെ കഷായം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് സഹനത്തെയും, പഞ്ചസാര എന്ന

വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് അല്പനേരത്തെ ആശ്വാസം (സഹനത്തിന് ശേഷം) എന്നുമാണ്. ഈ സൂക്തംകൊണ്ട് ഉദ്ദേശിക്കുന്നത് അൽഫോൻസാമ്മയുടെ ജീവിതം മുഴുവൻ സഹനമായിരുന്നു, എന്നാൽ ഇടക്ക് കുറച്ച് സമയത്തേക്ക് ആശ്വാസം കിട്ടുന്നു എന്നാണ്.

അൽഫോൻസാമ്മ തനിക്ക് ലഭിച്ച സഹനത്തെ പ്രതി ഒരിക്കലും തന്റെ മണവാളനായ ഈശോയോട് പരാതിപറഞ്ഞിട്ടില്ല. മറിച്ച് , കൂടുതൽ കൂടുതൽ സഹനം ഈശോയോട് ചോദിച്ച് വാങ്ങുകയാണ് ചെയ്യ്തത്. എന്നെങ്കിലും ഒരു ദിവസം സഹനം ലഭിച്ചില്ലെങ്കിൽ ആ ദിവസം പാഴായിപ്പോയതായിട്ടാണ് അവൾക്ക് അനുഭവപ്പെടുന്നത്.

വി. അൽഫോൻസാമ്മ പറയുന്നു: എന്റെ മണവാളന് എന്നോട് ഇഷ്ടം കൂടുമ്പോഴാണ് എനിക്ക് സഹനങ്ങൾ കൂടുതൽ കിട്ടുന്നത്.

'പുഞ്ചിരി ഒരു തിരിവെട്ടമാണ് സങ്കടപ്പെടുന്നവരുടെ മുഖത്തു നോക്കി ഞാൻ കരുണയോടെ പുഞ്ചിരിക്കും.'വി.അൽഫോൻസാമ്മയുടെ മുഖം എപ്പോഴും ശോഭിതമാണ്. ആ മുഖത്ത് നോക്കിയാൽ സങ്കടപ്പെടുന്നവർ വരെ പുഞ്ചിരിക്കും.

വി. അൽഫോൻസാമ്മയുടെ ജീവിതം രോഗങ്ങൾ കൊണ്ട് നിറഞ്ഞതായതിനാൽ വി.കുർബാനക്ക് വരാൻ അവൾക്ക് സാധിക്കുമായിരുന്നില്ല. എന്നാൽ ഒരു ദിവസം വി.കുർബാനയുടെ ഗാനം കേട്ടപ്പോൾ അവൾക്ക് മുറിയിൽ ഇരിക്കാനായില്ല. അവൾ പിടിച്ച് പിടിച്ച് ചാപ്പലിന്റെ വാതിക്കൽ എത്തി. അച്ചൻ അൽഫോൻസാ നിൽക്കുന്നത് കണ്ട് അവളുടെ മുന്നിലേക്ക് ചെന്ന് അവൾക്ക്

ദിവ്യകാരുണ്യം നൽകി. അവൾ അത് സ്വീകരിച്ചു. എന്നാൽ മദറിന്റെ നിർദ്ദേശത്തിന് വിരുദ്ധമായിരുന്നു ഇത്.വി. അൽഫോൻസാമ്മ അത് മനസ്സിലാക്കി മദറിനോട് മാപ്പ് അപേക്ഷിച്ചു.'അധികാരികൾ എന്ത് തീരുമാനിക്കുന്നുവോ എന്നെ സംബന്ധിച്ചിടത്തോളം അതായിരിക്കും ദൈവഹിതം.'വി. അൽഫോൻസാമ്മ.

ലോകമെമ്പാടും വളർന്നു പന്തലിച്ച ചെറുപുഷ്പം മിഷൻലീഗ് തുടങ്ങാൻ ആഹ്വാനം നൽകിയത് വി. അൽഫോൻസാമ്മയാണ്. സഹനപുത്രിയെന്നാണ് വി. അൽഫോൻസാമ്മ അറിയപ്പെടുന്നത്. വി. അൽഫോൻസാമ്മയെ അറിയാത്തതായി ആരും തന്നെയില്ല. തന്റെ ജീവിതം മുഴുവൻ തന്റെ സ്നേഹനാഥനോട് സഹനം ചോദിച്ചുവാങ്ങിയ അവൾ നമുക്ക് ഒരു വലിയ മാതൃകയാണ്.വി. അൽഫോൻസാമ്മയുടെ ജീവിതം വി. ഗ്രന്ഥത്തിലെ ഒരു വചനത്തോട് സാദൃശ്യപ്പെടുത്താം.

"ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും, അഴിയുന്നില്ലെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും."

ഈ വചനം വി. അൽഫോൻസാമ്മയെപ്പോലെ നമുക്കും നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാം........

# കാലഘട്ടത്തിന്റെ വിശുദ്ധ



എലിസബത്ത് വി റെജി

## സ്നേഹാഗ്നിജ്വാലയിലെ സഹനതാരം

'ആഹന്ത കുരിശിൽ തൻ പൂവിൻമെയ്യുറയ്ക്കപ്പെ-
ട്ടാകുലാത്മാവായ് കിടക്കുന്നൊരീ സമയത്തും
സ്നേഹശീലനാം ഭവാനീശനോടപേക്ഷിക്കു-
ന്നീക്കടും കൈചെയ്തോർക്കു മാപ്പു നൽകുവാൻ മാത്രം'

സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് ഉദ്ഘോഷിച്ച്, കാൽവരിക്കുന്നിലെ കുരിശിന്റെ മാറിൽ വേദനയും നിന്ദയും സഹിച്ച്, അവസാനതുള്ളി രക്തം ചിന്തുമ്പോഴും യേശുക്രിസ്തുവിന്റെ ചുണ്ടുകൾ ചലിച്ചത് തന്നെ ദ്രോഹിച്ചവർക്കവേണ്ടിയുള്ള പ്രാർത്ഥനയാണ്. ഗാഗുൽത്തായിൽ വെളിപ്പെട്ട ആ ദിവ്യസ്നേഹവും സഹനവും അവിടുത്തെ അനുയായികൾക്കുള്ള മാതൃകയും മാർഗ്ഗരേഖയുമായി മാറുകയായിരുന്നു. തൊട്ടറിഞ്ഞ വിശ്വാസാനുഭവം നെഞ്ചിലേറ്റി ഭാരതമണ്ണിൽ ചൊരിഞ്ഞത് പരസ്നേഹത്തിന്റെയും ,പരിത്യാഗത്തിന്റെയും ദീപ്തിയാണ്. സംവത്സരങ്ങൾക്കിപ്പുറം, ആ ദീപ്തി ജന്മം നൽകിയത്, സ്നേഹാഗ്നിജ്വാലയിൽ ജ്വലിക്കുന്ന ഒരു പൊൻതാരകത്തിനാണ്. സഹനത്തിന്റെ തീച്ചൂളയിലെരിഞ്ഞ്, സ്നേഹബലിയായി സ്വയം ഹോമിച്ച് കാൽവരിനാഥന്റെ പ്രിയമണവാട്ടിയായി

ഭരണങ്ങാനം എന്ന കൊച്ചുഗ്രാമത്തെ ഭാരതലിസ്യൂവാക്കി മാറ്റിയ സഹനപുത്രി അൽഫോൻസാമ്മ. ആഴിയുടെ ആഴങ്ങൾ ആരായുകയും, ഊഴിക്കു വലം വയ്ക്കുകയും ആകാശത്തിന്റെ വിരിമാറിൽ അത്ഭുതങ്ങൾ വിരിയിക്കുകയും ചെയ്യുന്ന അതിമാനുഷികർക്ക് ജന്മഗേഹം ഒരുക്കുന്ന ഈ ഭൂമിയിൽ,അസാധരണത്വങ്ങളൊന്നും അർഹതയില്ലാത്ത ഏറ്റവും സാധാരണക്കാരായ മാതാപിതാക്കൾക്ക്, അതിലേറെ സാധാരണക്കാരിയായ ഒരു കുഞ്ഞായാണ് അന്നക്കുട്ടി പിറന്നത്. ജനിച്ച ദിവസങ്ങൾ ങ്ങളിൽ അമ്മ മരിച്ചതിനാൽ അവളുടെ ഒരു അഭിശപ്ത ജന്മമായി പലരും കണക്കാക്കി. ദൈവഭയത്തിലും ദൈവഭക്തിയിലും ദൈവസ്നേഹത്തിലും ആശ്രയിച്ച് ഒരു മാലാഖക്കുഞ്ഞായി അന്നക്കുട്ടി വളർന്നുവന്നു.‘ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു’ വളർന്നുവന്ന ഈശോയെപ്പോലെ തന്നെ. കുഞ്ഞുനാൾ മുതൽ ആത്മപരിത്യാഗത്തിനും കൊച്ചുകൊച്ചു സഹനങ്ങൾക്കും അവൾ ജീവിതത്തിൽ വലിയ സ്ഥാനം കൽപിച്ചിരുന്നു. മകം പിറന്ന മങ്കയ്ക്ക് കാർത്തികയിൽ പിറന്ന ലക്ഷമിക്കുട്ടിയായിരുന്നു അടുത്ത കൂട്ടുകാരി. പള്ളിക്കൂടത്തിലേയ്ക്കുള്ള വഴിയിൽ അന്നക്കുട്ടിയെ തള്ളിയിട്ട് പരിക്കേൽപ്പിച്ച ഒരു ആൺകുട്ടിയെക്കുറിച്ച് പരാതി പറയാൻ ലക്ഷമിക്കുട്ടി തുനിഞ്ഞെങ്കിലും , അവളെ തടഞ്ഞുകൊണ്ട് ക്ഷമിക്കാനും സഹിക്കാനുമാണ് തന്റെ ഇച്ഛയെന്ന് അന്നക്കുട്ടി വെളിപ്പെടുത്തി.

വിരൽത്തുമ്പിൽ വിസ്മയം ചൊരിയുന്ന വിശ്വസാങ്കേതിക വിദ്യയുടെ മായലോകത്താണ് പുതുതലമുറ ഇന്ന് ജീവിക്കുന്നത്.ഇന്റർനെറ്റും ഫേസ്ബുക്കും

വാട്സ്ആപ്പുമൊക്കെ രക്ഷതരുന്ന നോഹയുടെ പേടകമാണെന്നു കരുതി,അതിനുള്ളിൽ കയറി തന്നിൽ നിന്നു തന്നെ ഒളിച്ചോടുകയാണ് ഇന്നത്തെ വെട്ടം കെട്ട കാലത്തിന്റെ കുട്ടികൾ പ്രാർത്ഥനയും പുണ്യവുമൊക്കെ അവർക്കന്യമാകുന്ന കാഴ്ച്ച എത്ര വേദനാജനകമാണ്.

ശിശുക്കൾ എന്റെയടുത്തു വരാൻ അനുവദിക്കുവിൻ അവരെ തടയരുത്.എന്തെന്നാൽ ദൈവരാജ്യം അവരെപ്പോലുള്ളവരുടേതാണ്.ഒരു ശിശുവിന്റേതായ നിഷ്കളങ്കതയും പുണ്യവുമാണ് സ്നേഹനാഥൻ ആഗ്രഹിക്കുന്നത്.ആധുനികസാങ്കേതികവിദ്യയുടെ അതിപ്രസരത്തിൽ ഉഴറുന്ന യുവതലമുറയ്ക്ക് സ്വയം ശൂന്യവൽക്കരണത്തിന്റെയും സമർപ്പണത്തിന്റെയും ആ ജീവിതം വലിയൊരു അത്ഭുതമാണ്.സമൂഹ്യമാധ്യമങ്ങളുടെ അടിമത്തത്തിലും മദ്യം,മയക്കുമരുന്ന് തുടങ്ങിയ പൈശാചിക ആസക്തിയിലും വീണുപോകുന്ന യുവതലമുറയ്ക്ക് മാതൃകയും മധ്യസ്ഥയുമായി നൽകാൻ വി.അൽഫോൻസാമ്മയേക്കാൾ ഉചിതയായി മറ്റാരുമില്ല.

എല്ലാവിധ സുഖസൗകര്യങ്ങളും സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ജീവിതമായിരുന്നു അൽഫോൻസാമ്മയുടേത്.കുലീനതയും സൗന്ദര്യവും വിളങ്ങി നിന്ന പ്രഭാവതി.പതിമൂന്നാം വയസ്സിൽതന്നെ പേരമ്മ അവൾക്കുവേണ്ടി വിവാഹാലോചനകൾ നടത്തിത്തുടങ്ങി.അക്കാലത്തെ നാട്ടുനടപ്പായുള്ള സ്ത്രീധനംപോലും ആവശ്യപ്പെടാതെ ആളുകൾ അന്നക്കുട്ടിയെ സ്വന്തമാക്കാൻ എത്തിത്തുടങ്ങി.

വിശാലമായ ഒരു ജീവിതം സർവ്വവിധ സമ്പന്നതയും സന്തോഷവും ആഡംബരവുമുള്ള ഒരു ജീവിതം അന്നക്കുട്ടിയുടെ മുൻപിലുണ്ടായിരുന്നു.എന്നാൽ

യേശുനാഥന്റെ കുരിശിന്റെ ഓഹരി സ്വന്തമാക്കാനായിരുന്നു അന്നക്കുട്ടിയുടെ ഇഷ്ടം.മനസ്സമ്മതച്ചടങ്ങിൽനിന്ന് ഒഴിവാകാനായി കാല് രണ്ടും ഉമിത്തീയിൽ പൊള്ളിച്ച് കാൽവഴുതി ആ തീച്ചൂളയിലേയ്ക്ക് വീണ് ദേഹമാസകലം പൊള്ളി മുറിവേറ്റപ്പോഴും ആ മനസ്സ് നീറിയില്ല.

സഹനങ്ങൾ ദൈവസ്നേഹത്തിലേയ്ക്കുള്ള പാതയായി അൽഫോൻസാമ്മ സ്വീകരിക്കുകയായിരുന്നു.അവളുടെ ആഗ്രഹപ്രകാരം സന്ന്യാസജീവിതത്തിൽ പ്രവേശിക്കുവാനായി കുടുംബാംഗങ്ങൾ സമ്മതം മൂളി.അത്രത്തോളമുണ്ടായിരുന്നു അവളിൽ ജ്വലിച്ചിരുന്ന തീക്ഷ്ണത.

വി.ഫ്രാൻസിസ് അസ്സീസി പിതാവായും വി.ക്ലാര മാതാവായും വർത്തിച്ച അങ്ങേയറ്റം ദരിദ്രമായ ക്ലാരസഭയാണ് അന്നക്കുട്ടി തിരഞ്ഞെടുത്തത്. സ്നേഹിതരെല്ലാം അവളെ തടഞ്ഞെങ്കിലും ഞാൻ സഹനത്തിന്റെ പുത്രിയാണ് സഹിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അഗ്നിജ്വാലയിലെ ഒരു കീടത്തെപ്പോലെ ഞാൻ ദഹിച്ച് ഇല്ലാതാകും എന്ന് അന്ന തീരുമാനമെടുത്തിരുന്നു.

ക്രൂശിതന്റെ മുൾമുടിയിലെ മുള്ളുകളെ സഹനത്തിന്റെ മണിമുത്തുകളായി മാറ്റി.സഹായം തേടിവന്നവർക്ക് അൽഫോൻസാമ്മ മദ്ധ്യസ്ഥയായി.അന്നത്തെ രൂപതാധ്യക്ഷനായിരുന്ന കാളാശ്ശേരി പിതാവിന്റെ മലമ്പനി വരെ അമ്മ സ്വന്തമായി ഏറ്റെടുത്തു.വി.ചാവറയച്ചന്റെയും വി.ചെറുപുഷ്പത്തിന്റെയും മാദ്ധ്യസ്ഥതയാൽ ഒരു രോഗം ഭേദമാകുമ്പോൾ പെട്ടന്ന് തന്നെ അടുത്തതെത്തുകയായിരുന്നു.

സമകാലികസമൂഹത്തിൽ മനുഷ്യർ പലതരത്തിലുള്ള സഹനങ്ങൾക്ക് കീഴ്പ്പെടുന്നവരാണ്.പല തരത്തിലുള്ള ബുദ്ധിമുട്ടുകളിൽ മനുഷ്യൻ വീണുപോകുന്ന കാഴ്ച്ചകൾക്ക് നാം സാക്ഷികളാകുന്നു.ധീരതയോടെ നീങ്ങുവാൻ അൽഫോൻസാമ്മ വലിയൊരു മാതൃകയാണ്.

അടിയുറച്ച ദൈവവിശ്വാസത്തിലൂടെയുള്ള നീതികരണമായിരുന്നു അൽഫോൻസാമ്മയുടെ ജീവിതം.ഒരു പക്ഷേ അൽഫോൻസാമ്മയേക്കാൾ പതിന്മടങ്ങ് രോഗങ്ങളും വ്യാധികളും സഹിച്ചവരുണ്ടാകാം.അവരിൽനിന്ന് ആ പുണ്യകുസുമത്തെ വ്യത്യസ്തയാക്കുന്നത് അവൾ തന്റെ വേദനകളെല്ലാം ജീവിതവിശുദ്ധിയോട് ചേർത്ത് ദൈവത്തിനുസമർപ്പിച്ചുവെന്നതാണ്.കർദിനാൾ മർത്തീനി പറയുന്നു-"ജോബിന്റെ സഹനങ്ങളും അബ്രാഹത്തിന്റെ വിശ്വാസവും അവരുടെ രക്ഷയ്ക്കുള്ള ഉറവിടങ്ങളായി."ഫ്രാൻസിസ് മാർപാപ്പ ഉദ്ഘോഷിക്കുന്നു-ഗദ്സെമിനിയിലെ അപ്പസ്തോലരെപ്പോലെ അലസതയുടെയുംനിദ്രയുടെയും അപ്പസ്തോലരായി നിങ്ങൾ മാറാതിരിക്കുക.ലോകത്തെ ഉണർത്തുക,ഭാവി പ്രത്യാശിപ്പിക്കുക.വി.അൽഫോൻസാമ്മയെപ്പോലെ ചെറുപുഞ്ചിരിയോടെ പ്രത്യാശയോടെമുന്നേറുക."ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽഒന്നും സംഭവിക്കുന്നില്ല.അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും."

# സഹനതാരം-വി.അൽഫോൻസ



**ട്രീസാ മരിയ ജോബിൻ**

## വിശുദ്ധൻ

"നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾക്കറിഞ്ഞുകൂടേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്.ആ ആലയം നിങ്ങൾ തന്നെ." വിശുദ്ധ ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നുണ്ട്. "വിശുദ്ധി എന്നാൽ അത്ര ചെറിയകാര്യമല്ല. എന്നാൽ വിശുദ്ധമായ പുണ്യങ്ങൾ ചെറുതാണ് " എന്ന് മദർ തെരേസായും പറയുന്നു. വിശുദ്ധിയേക്കുറിച്ചുള്ള ദീർഘവീക്ഷണങ്ങളാണ് ഇവ. നമുക്കും വിശുദ്ധരാകാൻ സാധിക്കും. നാം വളരെ നിസാരമെന്ന് കരുതുന്ന കാര്യങ്ങൾ പോലും വിശുദ്ധിയുടെ പടവുകളിലേക്കുള്ള മാർഗങ്ങളാണ്.

സഹനം,സ്നേഹം ഈ രണ്ട് മഹത്തായ വാക്കുകൾക്ക് വിശുദ്ധിയിൽ സ്ഥനമുണ്ട്. നമുക്കറിയാവുന്ന പല വിശുദ്ധരുടെയും പുണ്യത്തിൻ അടിസ്ഥാനമായ വിശുദ്ധിയുടെ സ്ഥാനം സഹനത്തിന്റെയും സ്നേഹത്തിന്റെയും അരുവികളായിരുന്നു. ആ അരുവിയിലെ ഒരു വെള്ളാരങ്കല്ലായി മാറി, തന്നിലെ അവിശുദ്ധി ആ അരുവിയിലൂടെ ഒഴുക്കി, കടഞ്ഞെടുത്ത ഒരു വെൺഹൃദയമായി മാറിത്തീർന്ന

വിശുദ്ധർ. സഹനത്തെ അടിസ്ഥാനമാക്കിയ ഇത്തരം വിശുദ്ധരുടെ കൂട്ടത്തിൽ നമുക്ക് ചിരപരിചിതയായ ഒരു വിശുദ്ധയുണ്ട്;വിശുദ്ധ അൽഫോൻസ. സഹനത്തിന്റെ ആലകളിലെ തീച്ചൂളകളേറ്റ് സ്വയം ഉരുക്കി വാർത്ത ദൈവത്തിന്റെ മണവാട്ടി വിശുദ്ധ അൽഫോൻസ. ആത്മനാഥന്റെ സ്വന്തമായിത്തീർന്ന് സഹനത്തിന്റെ പാതയിൽ സഞ്ചരിച്ചവൾ.

## കുടമാളൂരിന്റെ കുടമുല്ലപ്പൂവ്

ഭാരതസഭയുടെ വിശുദ്ധരുടെ പുഷ്പവാടിയിൽ കേരളസഭയിൽനിന്നും ഒരു മണിമുത്തായി കടന്നുചെന്ന വിശുദ്ധ അൽഫോൻസ. 19-8-1910-ന് കുടമാളൂരിലെ മുട്ടത്തുപാടത്ത് ജനിച്ചു. അന്നക്കുട്ടി എന്നായിരുന്നു വിളിപ്പേര്. 'തന്റെ ഹൃദയത്തെ ഒരു പൂങ്കാവനമാക്കിത്തീർക്കണമെ' എന്ന് നിത്യം പ്രാർത്ഥിച്ചിരുന്ന അവളുടെ ജീവിതം ഒരു പൂങ്കാവനം തന്നെയായിരുന്നു. സർപ്പഭയമേറ്റ സ്വമാതാവ് മാസം തികയാതെ പ്രസവിച്ചു. ആ കുട്ടിയാണ് അൽഫോൻസ. ജോസഫ്-മേരി ദമ്പതികളുടെ ദാമ്പത്യവല്ലരിയിലെ ആദ്യ കുസുമം. ജനിച്ച് മൂന്നാം മാസം അന്നക്കുട്ടിക്ക് തന്റെ മാതാവിനെ നഷ്ടമായി. അവിടെ ആരംഭിച്ചു അവളുടെ യാതനാപൂർവമായ ജീവിതം. അൽഫോൻസായെ പേരമ്മ എടുത്തു വളർത്തി. തികച്ചും കർക്കശമായ രീതിയിലായിരുന്നു അവളുടെ ജീവിതം.ചെറുപ്പം മുതലെ വിശുദ്ധയാകാൻ ആഗ്രഹിച്ചു അന്നക്കുട്ടി. അതിനുവേണ്ടി ശാരീരികമായും ആത്മീയമായും പലരീതിയിൽ അവൾ ഒരുങ്ങി. ഉപവസിച്ചു. സ്വന്തം പിതാവിന്റെ പ്രാർത്ഥനാപാടവം സ്വീകരിച്ച് ആരുമറിയാതെ ചരലിൽ മുട്ടുകുത്തി ബാല്യത്തിലെ അവൾ പ്രാർത്ഥിച്ചിരുന്നു.

## തിരുനാഥന്റെ മണവാട്ടിയായ്...

നന്നേ ചെറുപ്പത്തിലെ തന്നെ ഈശോയുടെ മണവാട്ടിയാകാൻ അവൾ ആഗ്രഹിച്ചിരുന്നു. വിവാഹം കഴിഞ്ഞ ഒരു സ്ത്രീ അവളുടെ ഭർത്താവിന്റെ സമ്പത്തിനും അവകാശിയാണ്. അന്നക്കുട്ടി ഇപ്രകാരം ആഗ്രഹിച്ചിരുന്നു. 'ഞാൻ എന്റെ മണവാളന്റെ സ്വത്തിനവകാശിയാണ്.എന്റെ മണവാളന്റെ സമ്പത്ത് എന്ന് പറയുന്നത് വെറുപ്പും അവഗണനയും നിന്ദയും പീഡാസഹനവുമാണ്. അതിൽ പങ്കുപറ്റാനാണ് ഞാനും ശ്രമിക്കുന്നത്.'

മുതിർന്ന അന്നക്കുട്ടി സൗന്ദര്യവതിയായിരുന്നു. ശാന്തതയും, വിശുദ്ധിയും, സാരള്യവും പലചെറുപ്പക്കാരെയും അവളിലേക്ക് ആകർഷിച്ചു. അവളുടെ വീട്ടിലും തകൃതിയായി വിവാഹലോചനകൾ നടന്നു. അന്നക്കുട്ടി സധൈര്യം ഇതിനെ എതിർത്തു. കൂടുതൽ തീവ്രതയോടെ അവൾ തന്റെ ആത്മനാഥനോട് പ്രാർത്ഥിച്ചു. തന്റെ സൗന്ദര്യമാണ് ഇതിന് കാരണമെന്ന് തിരിച്ചറിഞ്ഞ അവൾ ഉമിതീയിൽ കാൽ പൊള്ളിച്ച് സ്വയം സൗന്ദര്യം നശിപ്പിക്കാൻ തുനിഞ്ഞു. ഇപ്രകാരം സ്വയം സഹിച്ച് സഹനരീതികളിൽ ജീവിച്ചു.

ഒടുവിലവൾ ഭരണങ്ങാനം ക്ലാരമഠത്തിൽ ചേർന്നു.അങ്ങനെ ആത്മനാഥന്റെ മണവാട്ടിയാകാനുള്ള അഭിലാഷം സഫലീകരിച്ച് സി.അൽഫോൻസ എന്ന നാമധാരിയായി.ആ നിമിഷം മുതൽ മരണം വരെ സഹനത്തിൽ നിന്നും സഹനത്തിലേക്കുള്ള ഒരു തീർഥയാത്രയായിരുന്നു അൽഫോൻസായുടേത്.

## സഹനത്തിന്റെ പനിനീർകുസുമം

മരണം വരെ സഹിക്കാൻ ആഗ്രഹിച്ചു,സഹിച്ചു.തിരുനാഥനെ സ്നേഹിക്കാനാഗ്രഹിച്ചു,സ്നേഹിച്ചു.അൽഫോൻസാമ്മയുടെ ജീവിതം പഠിക്കുന്നവർക്ക് പറയുവാനുള്ളത് ഇതാണ്.സ്നേഹനാഥാ അങ്ങേ സ്നേഹജ്വാലയിലെ ഒരു പൊരിയാകുന്നതുവരെ എന്നെ എളിമപ്പെടുത്തണമെയെന്ന് ആഗ്രഹിച്ചു.പത്തുവർഷക്കാലം അവൾ സന്യാസിനിയായി ജീവിച്ചു.ഇത്രയും കാലം അവൾ സഹിക്കുകയായിരുന്നു.സഹനങ്ങൾ ഒന്നിനുപിന്നാലെ ഒന്നായി അവൾ ഏറ്റുവാങ്ങി.സ്നേഹത്തിൽ നിന്നുള്ള,സ്നേഹത്തിന്റെ തീവ്രതയിൽ നിന്നുള്ള സഹനമായിരുന്നു അവളുടേത്.ആ സഹനത്തിൽ അവൾ സ്വയം ഉരുക്കി വാർത്തു.രോഗാതുരമായ അവസ്ഥയിലിരിക്കുമ്പോഴും അവൾ സഹനം സ്വയം ചോദിച്ചുവാങ്ങി.തന്റെ ആത്മനാഥൻ കുടിച്ച സഹനത്തിന്റെ കയ്പുനീര് അതിന്റെ മട്ടുവരെ ഊറ്റിക്കുടിക്കാനാണ് അവൾ ആഗ്രഹിച്ചത്.വേദനമൂലം ഉറക്കമില്ലാത്ത രാത്രികളിൽ എന്തുചെയ്യുകയാണെന്ന കാളാശ്ശേരി പിതാവിന്റെ ചോദ്യത്തിന് ഞാൻ സ്നേഹിക്കുകയാണെന്നായിരുന്നു അൽഫോൻസാമ്മയുടെ മറുപടി. അത് ശരിയായിരുന്നു.അവൾ തന്റെ ആത്മനാഥനെ സ്നേഹിക്കുകയായിരുന്നു.

സഹസന്യാസിനികളിലും നവസന്യാസിനികളിലും ഉണ്ടായിരുന്ന മനോദുഃഖവും സഹനം ഏറ്റെടുക്കാനുള്ള ക്ലേശവും അവൾ മനസ്സിലാക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ സമാശ്വസിപ്പിക്കുകയും അവരുടെ സഹനം കൂടി

ഏറ്റെടുക്കുകയും ചെയ്തിരുന്നു അൽഫോൻസ.സ്വയം ഉരുകി ഒരു മെഴുകുതിരിയായി മാറുവാനും എരിഞ്ഞടങ്ങുന്ന ആ മെഴുകുതിരിയിൽ നിന്നുതിരുന്ന പ്രകാശത്താൽ ലോകത്തിന് വിളക്കാകുവാനും അവൾ ആഗ്രഹിച്ചിരുന്നു.അതിനാൽ അവൾ സ്വയം പ്രകാശിച്ചിരുന്നു.സഹനങ്ങൾ തന്റെ നാഥനെ സ്നേഹിക്കാനുള്ള ഉത്തമമാർ ഗങ്ങളായാണ് അവൾ തിരഞ്ഞെടുത്തത്.താനും തന്റെ മണവാളനും മാത്രം അറിഞ്ഞുള്ള സഹനമായിരുന്നു അൽഫോൻസാമ്മയുടേത്.അതാണ് അവൾ ആഗ്രഹിച്ചിരുന്നത്.

## കുട്ടികളെ സ്നേഹിച്ച അമ്മ

കുട്ടികളെ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു അവൾ.അൽഫോൻസാമ്മയുടെ പ്രാർത്ഥനാസഹായത്താൽ രോഗമുക്തി നേടിയവർ ധാരാളമാണ്.ചുഴലി ദീനം ബാധിച്ചവരും ശാരീരികാസ്വാസ്ഥ്യങ്ങളാലും മാനസികവേദനകളാലും വലയുന്നവരുമായ ധാരാളം ആളുകൾ അവളുടെ അടുക്കലേക്കുവന്നിരുന്നു.പരീക്ഷകളിൽ ജയിക്കുവാൻ കുട്ടികളുടെ സഹായാപേക്ഷകൾ നിരസിക്കാതെ അവർക്കുവേണ്ടി അവൾ നിരന്തരം പ്രാർത്ഥിച്ചിരുന്നു.കുട്ടികളിൽ തനിക്കു പ്രാർത്ഥിക്കാൻ കിട്ടിയ കുട്ടിയെ വിളിച്ച് സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു അൽഫോൻസാമ്മ.കുട്ടികൾക്ക് ചാമ്പങ്ങ നൽകുകയും,അവരോടൊത്ത് കൊന്തചൊല്ലുകയും ചെയ്തിരുന്നു അൽഫോൻസാമ്മ.കുട്ടികൾ അൽഫോൻസാമ്മയുമായി സമയം ചിലവഴിക്കാൻ ആഗ്രഹിച്ചിരുന്നു.

## നമ്മുടെ ജീവിതവും അൽഫോൻസാമ്മയുടെ സഹനവീക്ഷണവും

നാം സഹനങ്ങളെ സമീപിക്കുന്നത് ഒരു പ്രത്യേകമനോഭാവത്തോടെയാണ്.കുരിശുചുമക്കാൻ യേശുനാഥൻ തയാറായതിലും വലിയ സഹനമൊന്നും നമുക്കില്ല.ഒരു ചെറിയ വേദനവരുമ്പോഴെ അതുമാറാനായ് പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നവരാണ് നാം.അൽഫോൻസാമ്മയാകട്ടെ,മറ്റുള്ളവരുടെ സഹനം കൂടി ഏറ്റെടുക്കാനാണ് ആഗ്രഹിച്ചിരുന്നത്.രോഗവും സഹനവും മാറാനല്ല ഇനിയും ഏറ്റെടുക്കാനാണ് അവൾ ശ്രമിച്ചത്.ബാല്യത്തിലെ നല്ല ഭക്തിയോടെ പ്രാർത്ഥിക്കുന്ന പല കുട്ടികളും വളരുന്നതോടെ പ്രാർത്ഥന ഒരു കടമനിറവേറ്റലായി മാറ്റുന്നു.ആർക്കോവേണ്ടി എന്നപോലെയല്ലെ ഇന്നത്തെ തലമുറ പ്രാർത്ഥനയെ കാണുന്നത്?ആധുനിക മാദ്ധ്യമങ്ങളുടെ അതിപ്രസരം മൂലം സ്വന്തം സുഖസൗകര്യങ്ങൾക്കുവേണ്ടി നാം പ്രാർത്ഥനയെ മറക്കുകയും വെറുക്കുകയും ചെയ്യുന്നു.പ്രാർത്ഥിക്കാൻപോലും നാം തയാറാകുന്നില്ല.പഠനം നല്ലതാണ്.ഒപ്പം പ്രാർത്ഥനയും വേണം.എപ്പോഴും പഠിച്ചാൽ മാത്രം മാർക്കു കിട്ടുകയില്ല.പ്രാർത്ഥനയും കൂടിയുണ്ടെങ്കിലേ അത് സാധിക്കൂ.

ഈ അത്യാധുനിക കാലഘട്ടത്തിലെ ജനങ്ങൾ ഇതു മനസ്സിലാക്കണം.രാവും പകലും എന്നപോലെ ഒരു മനുഷ്യന്റെ ജീവിതത്തിൽ സുഖവും ദുഃഖവും മാറിമാറി പ്രതിഫലിക്കും.ഉയർച്ചയും താഴ്ച്ചയും ജീവിതത്തിന്റെ ഭാഗമാണ്.ഇത് നാം മനസ്സിലാക്കാതെ പോകുന്നു.ഇവിടെയാണ് വി.അൽഫോൻ

സാമ്മയുടെ ജീവിതം നമുക്ക് മാതൃകയാകേണ്ടത്.സഹനങ്ങളെ ക്ഷമയോടെ സഹിക്കുവാനും അവ ഏറ്റെടുക്കുവാനും നാം തയാറാകണം.സഹനങ്ങൾ ജീവിതത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കണം.അൽഫോൻസാമ്മയുടെ സഹനവീക്ഷണം തന്നെയാണ് സമകാലിക ജീവിതപ്രശ്നങ്ങൾക്കുള്ള ഒരു പരിഹാരം.അമ്മയുടെ കബറിടത്തിൽ ഉരുകി വീഴുന്ന ഓരോ തുള്ളി മെഴുകിനും വാടാത്ത ഓരോ പൂവിതളിനും അവകാശികൾ അമ്മയുടെ മക്കളാണ്,ഭരണങ്ങാനത്തെ അമ്മയുടെ മക്കൾ.ആ മക്കൾ അമ്മയ്ക്കുവേണ്ടി സമർ പ്പിക്കുന്ന അവരുടെ ഉപഹാരങ്ങളാണ് ഓരോ തുള്ളി മെഴുകും,വാടാത്ത ഓരോ ഇതൾ പൂവും.



# സഹനത്തിന്റെ വിശുദ്ധ



ആർഷ പി റോയി

സഹനത്തെ നിറവുകളാക്കിയവളാണ് വി.അൽഫോൻസാമ്മ. സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചവളാണ് വി.അൽഫോൻസാമ്മ. അൽഫോൻസാമ്മയുടെ ജീവിതം മുഴുവൻ സഹനം നിറഞ്ഞതായിരുന്നു.സഹനത്തെ ഈശോയിലേക്ക് അടുക്കുവാനുള്ള മാർഗങ്ങളായി വിശുദ്ധ കണ്ടു.തന്റെ സഹനങ്ങളെയെല്ലാം അവൾ ഈശോയുടെ കുരിശിലെ പീഡാസഹനത്തോട് ചേർത്തുവച്ചു.സഹനങ്ങളെല്ലാം സന്തോഷത്തോടെ സ്വീകരിച്ച് ക്ഷമയോടെ സഹിച്ചു.തന്റെ സഹനങ്ങളെയോർത്ത് അവൾക്ക് പരാതിയോ പരിഭവമോ ഇല്ലായിരുന്നു.തന്റെ സഹനങ്ങളെക്കാളുപരി അവൾ മറ്റുള്ളവരുടെ സഹനങ്ങളിൽ അവരെ ആശ്വസിപ്പിച്ചിരുന്നു.അവർക്ക് താങ്ങായി നിന്നിരുന്നു.സഹനത്തിന്റെ പുത്രിയായിരുന്ന വിശുദ്ധ അൽഫോൻസാമ്മ.ചെറുപ്പം മുതലേ അവൾ സഹനത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോയിരുന്നു.വളരെ ചെറുപ്പത്തിൽ തന്നെ അവൾക്ക് തന്റെ അമ്മയെ നഷ്ടപ്പെട്ടിരുന്നു.പിന്നീട് അവൾ പേരമ്മയുടെ സംരക്ഷണത്തിലാണ് വളർന്നത്.വിവാഹം ചെയ്യാൻ അവളെ പേരമ്മ നിർബന്ധിച്ചപ്പോൾ അവൾ ഈശോയുടെ മണവാട്ടിയാകാനുള്ള തന്റെ

അഭിലാഷത്തിൽ ഉറച്ചുനിന്നു.അപ്പോൾ അവൾ മാനസികമായും ശാരീരികമായും ഒത്തിരി സഹിച്ചിരുന്നു.

വി.അൽഫോൻസാമ്മ തന്റെ സഹനങ്ങളെയെല്ലാം പാപികളുടെ മാനസാന്തരത്തിനും ശുദ്ധീകരണ ആത്മാക്കളുടെ മോചനത്തിനുമായി സമർപ്പിച്ചിരുന്നു.തന്റെ സഹനങ്ങളെ ഈശോയുടെ കുരിശിലെ പീഡാസഹനത്തോട് ചേർത്ത് നോക്കുമ്പോൾ തന്റെ സഹനങ്ങളെല്ലാം വളരെ നിസ്സാരമാണ് എന്നതായിരുന്നു തന്റെ സഹനങ്ങളെപ്പറ്റിയുള്ള അൽഫോൻസാമ്മയുടെ വീക്ഷണം.സഹനങ്ങളിലൂടെ അവൾ ഈശോയോട് കൂടുതൽ അടുത്തിരുന്നു.സഹനങ്ങളിലൂടെ നമ്മൾ കൂടുതൽ ശുദ്ധിയുള്ളവരാകുന്നു.നമ്മുടെ പാപക്കറകൾ നീക്കപ്പെടുന്നു.നമ്മളെല്ലാവരും ശുദ്ധരാക്കപ്പെടുന്നു.സഹനങ്ങളിലൂടെ വിശുദ്ധ ഈശോയോടുള്ള സ്നേഹത്തിലേക്ക് കൂടുതൽ അടുത്തിരുന്നു.

വി.അൽഫോൻസാമ്മയുടെ സഹനവീക്ഷണം സമകാലിക പ്രശ്നങ്ങൾക്കൊരു പരിഹാരമാണ്.നമ്മുടെ ജീവിതത്തിലെ സഹനങ്ങളെ നമ്മൾ,അൽഫോൻസാമ്മ എങ്ങനെ സഹനത്തെ വീക്ഷിച്ചുവോ,അതുപോലെ വീക്ഷിക്കണം.നമ്മുടെ ജീവിതത്തിൽ സഹനങ്ങളുണ്ടാകുമ്പോൾ നമ്മളെല്ലാവരും അതിനെക്കുറിച്ച് പരാതിപ്പെടാറുള്ളത് സർവ്വസാധാരണമാണ്.മറ്റുള്ളവരോട് നമ്മൾ നമ്മളുടെ ദുഃഖങ്ങളെക്കുറിച്ചും സഹനങ്ങളെക്കുറിച്ചും പറയാറുണ്ട്.എന്നാൽ നമ്മൾ നമ്മുടെ സഹനങ്ങളെക്കുറിച്ചും ദുഃഖങ്ങളെക്കുറിച്ചും മറ്റുള്ളവരോട് പറഞ്ഞ് പരസ്യപ്പെടുത്തുകയല്ല വേണ്ടത്,മറിച്ച് ഈശോയുടെ പീഡാസഹനങ്ങളോട് ചേർത്ത്

സഹിക്കുകയാണ് വേണ്ടത്.അപ്പോഴാണ് നമ്മുടെ ജീവിതത്തിലെ സഹനങ്ങളെല്ലാം നിറവുകളായി മാറുന്നത്.നമ്മുടെ സഹനങ്ങളെ, സഹിക്കണം.പരാതിയോ പരിഭവമോ ഇല്ലാതെ സഹിക്കുമ്പോഴാണ് അവ അർത്ഥപൂർണ്ണമാകുന്നത്.

നമ്മുടെ ജീവിതത്തിൽ സഹനങ്ങളുണ്ടാകുമ്പോൾ നമ്മൾ അവയെ സന്തോഷത്തോടെ സ്വീകരിച്ച്,സഹിച്ച് അർത്ഥപൂർവമാക്കണം ആരോടും പരാതി പറയാതെ വിശുദ്ധ അൽഫോൻസാമ്മ സഹിച്ചതുപോലെ നമ്മളും സഹിക്കണം.ഈശോ തിരഞ്ഞെടുത്തവർക്കാണ് അവിടുന്ന് സഹനങ്ങൾ നൽകുന്നത്,അങ്ങനെ അവരെ വിശുദ്ധീകരിച്ച് സ്വർസൗഭാഗ്യത്തിന് അർഹരാക്കുന്നു.നമ്മുടെ ജീവിതത്തിൽ സഹനങ്ങളുണ്ടാകുമ്പോൾ അത് ഈശോയുടെ ഹിതമാണെന്ന് നമ്മൾ മനസ്സിലാക്കി സഹിക്കണം.ദൈവം തിരുമനസാകാതെ നമുക്ക് ജീവിതത്തിൽ സഹനങ്ങളുണ്ടാവില്ല.ദൈവം താൻ സ്നേഹിക്കുന്നവരെ സഹനങ്ങൾ നൽകി വിശുദ്ധീകരിക്കുന്നു.സ്വർണത്തെ അഗ്നിയിൽ ശുദ്ധിചെയ്യുന്നതുപോലെ ഈശോ താൻ സ്നേഹിക്കുന്നവരെ സഹനത്തിലൂടെ ശുദ്ധിചെയ്യുന്നു,അവരെ പാപക്കറകൾ നീക്കിക്കളഞ്ഞ് സ്വർഗീയജീവിതത്തിന് അർഹരാക്കുന്നു.ഇതാണ് സഹനത്തെപ്പറ്റിയുള്ള വി.അൽഫോൻസാമ്മയുടെ കാഴ്ചപ്പാട്.

ഇന്നത്തെ ലോകം അധപതിച്ചുക്കൊണ്ടിരിക്കുകയാണ്.അതിനുകാരണം മനുഷ്യൻ സ്വന്തം സുഖങ്ങളെപ്പറ്റി മാത്രമേ ആലോചിക്കുന്നുള്ളൂ. അവർ മറ്റുള്ളവരുടെ/ചുറ്റുമുള്ളവരുടെ വേദനകൾക്ക് മുമ്പിൽ കണ്ണടച്ചു നിൽക്കുന്നു.മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ കണ്ടിട്ടും അവർ കാണാത്ത മട്ടിൽ നിൽ

ക്കുന്നു.സഹോദരസ്നേഹം ക്രമേണ ഇല്ലാതായിക്കൊണ്ടിക്കുന്നു. തണുത്തു മരവിച്ച മനസ്സാണ് അവർക്കുള്ളത്.ഹൃദയകാഠിന്യത്തിൽ നിറഞ്ഞവരാണ് അവരൊക്കെ.കുടുംബാംഗങ്ങൾ തമ്മിലും ഇങ്ങനെതന്നെ. പരസ്പരം പങ്കുവയ്ക്കുന്ന സ്വഭാവവും സ്നേഹവും സഹോദരങ്ങൾ തമ്മിലുള്ള ഐക്യവും യോജിപ്പും വൃദ്ധ മാതാപിതാക്കന്മാരോടുള്ള സ്നേഹത്തോടെയുള്ള സമീപനവും ഇന്ന് ഇല്ലാതാകുന്നു.തങ്ങളുടെ കാര്യങ്ങളെല്ലാം ഒരു കുറവും കൂടാതെ ഭംഗിയായി നടക്കണം എന്ന ചിന്തയാണ് എല്ലാവരുടെയും മനസ്സിൽ. മാതാപിതാക്കൻമാരും മക്കളും തമ്മിലുള്ള ബന്ധങ്ങൾക്ക് വിള്ളൽ സംഭവിച്ചിരിക്കുന്നു.അയൽക്കാർ തമ്മിലുള്ള ബന്ധവും ശിഥിലമാകുന്നു.നമ്മുടെ അയൽക്കാരെക്കുറിച്ചും അവരുടെ കുടുംബത്തിലുള്ളവരെക്കുറിച്ചും യാതൊന്നും നമുക്ക് അറിയില്ല.

ദിനംതോറുമുള്ള പത്രങ്ങളിൽ നമുക്ക് നിരവധി കൊലപാതകങ്ങളെക്കുറിച്ചും ആത്മഹത്യകളെക്കുറിച്ചും പീഡനങ്ങളെക്കുറിച്ചുമുള്ള വാർത്തകൾ വായിക്കാൻ സാധിക്കും.അതുകൂടാതെ വിവിധ സംഘർഷങ്ങളെക്കുറിച്ചും അടിപിടികളെക്കുറിച്ചും നമ്മൾ വായിക്കുന്നുണ്ട്.രാജ്യങ്ങൾ തമ്മിലും സമൂഹങ്ങൾ തമ്മിലും വിവിധ മതത്തിലുള്ളവർ തമ്മിലും അയൽക്കാർ തമ്മിലും സഹോദരങ്ങൾ തമ്മിലും കലഹങ്ങൾ ഉണ്ടാകുന്നു.

അൽഫോൻസാമ്മയുടെ ജീവിതം ഇവർക്കെല്ലാം ഒരു മാതൃകയാണ്. തന്നെക്കാളുപരി മറ്റുള്ളവർക്ക് പ്രാധാന്യം കൊടുത്തവളാണ് വി.അൽഫോൻസാമ്മ. എല്ലാവരുമായും സൗഹൃദവും സ്നേഹവും വിശുദ്ധ പുലർത്തിയിരുന്നു.കുട്ടികളോട് അൽ

ഫോൻസാമ്മയക്ക് പ്രത്യേക ഇഷ്ടം ഉണ്ടായിരുന്നു. ആരോടും വെറുപ്പും വിദ്വേഷവും അൽഫോൻസാമ്മയക്ക് ഇല്ലായിരുന്നു.എല്ലാവരെയും ഈശോയുടെ മക്കളായി അൽ ഫോൻസാമ്മ കണ്ടിരുന്നു.എല്ലാവരോടും ഐക്യത്തിലും സ്നേഹത്തിലും വിശുദ്ധ കഴിഞ്ഞിരുന്നു.അൽഫോൻസാമ്മയുടെ സഹനജീവിതം നമ്മുക്കെല്ലാവർക്കും മാതൃകയാണ്. സഹനങ്ങളിലൂടെ ഈശോയിലേക്ക് അടുക്കുക എന്ന പാഠമാണ് വിശുദ്ധ നമ്മുക്ക് തരുന്നത്.നമ്മുടെ നാടിന്റെ അഭിമാനമാണ് വിശുദ്ധ അൽഫോൻ സാമ്മ.ഈ ലോകജീവിതത്തേക്കാളുപരി സ്വർഗീയജീവിതത്തിന് അൽഫോൻസാമ്മ പ്രാധാന്യം കൊടുത്തിരുന്നു.ഈ ലോക ജീവിതം കൊണ്ട് നശിച്ചു പോകുന്നതാണ് സമ്പത്തും,ആഡംബരവും സുഖലോലുപതയും മറ്റും,ഇവയെല്ലാം നശ്വരമാണ്. നമ്മൾ ഭൂമിയിൽ ചെയ്യുന്ന നന്മകളും കാരുണ്യപ്രവൃത്തികളുമാണ് നമ്മെ സ്വർഗീയ ജീവിതത്തിന് അർഹരാക്കുന്നത്.ഇവയെല്ലാം അനശ്വരമാണ്. ഇത് വിശുദ്ധയുടെ മറ്റൊരു കാഴ്ചപ്പാടാണ്.

'ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേ പടി കിടക്കും.അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും.'ഇത് അൽഫോൻ സാമ്മ പലപ്പോഴും പറഞ്ഞിരുന്ന വാചകമാണ്.നമ്മളെല്ലാവരും വചനം കേൾ ക്കുന്നവരാണ്.കേട്ടതുകൊണ്ട് മാത്രം കാര്യമില്ല,കേട്ട വചനം ജീവിതത്തിൽ അനുവർ ത്തിക്കുക കൂടി ചെയ്യുമ്പോഴാണ് അത് ഫലംഉള്ളവാക്കുന്നത്.വചനം ജീവിതത്തിൽ അനുവർത്തിച്ചില്ലെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല,അത് പാഴാണ്.എന്നാൽ വചനം കേട്ട് ഉത്കൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിൽ

സംഗ്രഹിച്ച്,ക്ഷമയോടെ ഫലം പുറപ്പെടുവിക്കാൻ സാധിക്കണം.ഉദാരമനസ്സുള്ള വളായിരുന്നു വിശുദ്ധ അൽഫോനസാമ്മ.ഒരുവന്റെയും സങ്കടങ്ങൾക്ക് മുന്നിൽ വിശുദ്ധ കണ്ണടച്ചിരുന്നില്ല.എല്ലാവർക്കും ഉദാരമായി ദാനം ചെയ്തിരുന്നു.

വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതം നമ്മുക്കെല്ലാവർക്കും ഒരു മാതൃകയാണ്. സൽസ്വഭാവങ്ങൾക്കൊണ്ട് നിറഞ്ഞവളാണ് അവൾ.നല്ലതിനെ-യൊക്കെ സ്വീകരിച്ച് തിന്മയായിട്ടുള്ളതിനെ ഉപേക്ഷിച്ചവളാണ് വിശുദ്ധ അൽഫോൻ സാമ്മ. ഈശോയുമായിട്ട് ആഴമായ ഒരു സ്നേഹബന്ധം അൽഫോൻസാമ്മയ്ക്കുണ്ടാ യിരുന്നു.വി.അൽഫോൻസാമ്മ ഈശോയൊടൊപ്പം ആയിരിക്കുവാൻ വളരെയധികം സമയം കണ്ടെത്തിയിരുന്നു.ഈശോയെ സ്വന്തം കളിക്കൂട്ടുകാരനെന്ന നിലയിൽ അൽഫോൻസാമ്മ കണ്ടു.ഈശോയോട് തന്റെ ദുഖങ്ങളും വേദനകളുമെല്ലാം അവൾ പങ്കുവച്ചിരുന്നു.

മറ്റു സന്യാസികൾ അൽഫോൻസാമ്മയെ ഒരു ഭാരമായി കരുതിയിരുന്നു.അൽഫോൻസാമ്മ നിരവധി നിന്ദനങ്ങൾക്ക് പാത്രമായിട്ടുണ്ട്. മറ്റുള്ളവരിൽനിന്നു ഒരു രോഗിയെന്ന നിലയിൽ സ്നേഹവും വാൽസല്യവും കിട്ടാതെ വന്നിട്ടുണ്ട്.ഇത്രയൊക്കെ ഉണ്ടായിട്ടും അവൾക്ക് യാതൊരു പരാതികളുമില്ലായിരുന്നു.ഈ വിധത്തിൽ അൽഫോൻസാമ്മയുടെ ജീവിതം സഹനങ്ങൾ നിറഞ്ഞതായിരുന്നു.നമ്മുടെ ജീവിതത്തിലും ഇത്തരം സഹനങ്ങളുടെ അനുഭവങ്ങളുണ്ടാകുമ്പോൾ വി.അൽഫോൻസാമ്മയെപോലെ സന്തോഷത്തോടെ സ്വീകരിച്ച്,സഹനങ്ങളെ നിറവുകളാക്കി മാറ്റാം.



# വിശുദ്ധ അൽഫോൻസാമ്മ

സാഫല്യ ഷിബു

കർത്താവിൻ മണവാട്ടിയാവാൻ
ജന്മമെടുത്തോരമ്മേ
സഹനത്തിൻ വഴികൾ ചവിട്ടാൻ
മാതൃകയായോരമ്മേ
ജീവിതദുഃഖങ്ങൾ താങ്ങാൻ
ധൈര്യം പകരുന്നോരമ്മേ
ക്ലാരമഠത്തിൻ അഭിമാനമാകുവാൻ
മുട്ടത്തുപാടത്ത് പിറന്നോരമ്മേ
പെറ്റമ്മതൻ സാമീപ്യം
അറിയാതിരുന്നിട്ടും
ലോകർക്ക് അമ്മയായൊരു അമ്മേ
അമ്മേ...അൽഫോൻസാമ്മേ
ത്യാഗവും സ്നേഹവും ജീവിതമുദ്രയായി
ജീവിതത്യാഗം ചെയ്തോരമ്മേ
കുഞ്ഞുങ്ങൾ ഞങ്ങൾതൻ
പ്രാർത്ഥന നിത്യവും
കൈക്കൊള്ളുന്നോരമ്മേ....
അമ്മേ......അൽഫോൻസാമ്മേ
പാടിപുകഴ്ത്തുന്നു നിത്യവും
നിൻ സ്തുതി ഗീതങ്ങൾ
അമ്മേ...അൽഫോൻസാമ്മേ...

# നന്ദി

'മാർഗ്ഗദീപമായി' നമ്മുടെ ഇടയിൽ വിളങ്ങുന്ന ഒരു ദിവ്യകുസുമമാണ് വി.അൽഫോൻസാമ്മ.ഈശോയുടെ മണവാട്ടിയായ ആ പുണ്യവതിയുടെ ജീവിത സാഹചര്യങ്ങളിലൂടെ തങ്ങളുടെ വീക്ഷണങ്ങൾ കുറിച്ച എല്ലാ കൂട്ടുകാർക്കും മാഗസിൻ തയ്യാറാക്കിയ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നന്ദിയർപ്പിക്കുന്നു.

നന്ദിയോടെ

ട്രീസ മരിയ ജോബിൻ

